# ഈസ്റ്റർ പ്രാർത്ഥനകൾ

## ഓശാനാ തിരുനാൾ

പ്രഭാതത്തിൽ എല്ലാവരും ദൈവാലയത്തിൽ വന്ന് ചേരുന്നു. **നമ്മുടെ കർത്താവിന്റെ പ്രാർത്ഥന** ചൊല്ലി എതിരേല്പിന്നായി കുരുത്തോലയും മറ്റും വെഞ്ചരിക്കുന്നു. മറും വശ്ശ്മ ചെയ്യുന്നു.

### കുരുത്തോലയിന്മേലുള്ള പ്രാർത്ഥന

**സ്ലോത്ത:_** (കൗശിത്ത് മാർ) കർത്താവേ, അങ്ങേ വലംകൈ നീട്ടി ഈ കുരുത്തോലയെ, പരിശുദ്ധ ഓശാനാ തിരുനാളിന്റെ ആഘോഷത്തിന്നായും അവിടുത്തെ മഹിമയ്ക്കായും ഈയുള്ളവരുടെ കൈകളിൽ വഹിക്കുന്നതിനുവേണ്ടി വാഴ്ത്തണമേ എന്നേക്കും സർവ്വനാഥനായ .......

(കുരുത്തോലയിന്മേൽ സ്ലീവാടയാളം വരച്ച് മുദ്രയിടുന്നു.)

കുരുത്തോല കൊടുക്കുന്ന സമയത്തുള്ള കീർത്തനങ്ങൾ, എതിരേല്പിൽ പാടുന്ന ഗാനങ്ങൾ, എതിരേല്പ് വന്ന് വാതിലിൽ മുട്ടുമ്പോൾ പാടുന്ന പാട്ടുകൾ ഇവ യെല്ലാം വി. കുർബ്ബാനാമിത്രത്തിൽ കാണുക പേജ് 76 എതിരേല്പെത്തിയാൽ വി. കുർബ്ബാന ചൊല്ലുന്നു. ശൂറായ, സുമാറ, ഉർഗ്യാമ, ദ്‌വീം മുതലായവ വി. കുർബ്ബാനാ മിത്രത്തിൽ കാണുക. പേജ് 86

### കൻകി കീർത്തനം (രീതി: "ത്തുവാ ല്‌യല്ലൂദി")

കളങ്കമില്ലാത്ത മാർഗ്ഗത്തിൽ നടക്കുന്നവർ ഭാഗ്യവാന്മാർ X തങ്ങളുടെ ഹൃദയങ്ങളിൽ നേരുള്ളവരും ഭാഗ്യവന്മാർ X

മ്ശീഹാ രാജൻ തൻ: കഴുതക്കുട്ടി മേലെ:<br>
ഓറിശ്ലിം എതിരേല്പിൽ:<br>
ഓല കയ്യിലേന്തി: പൈതങ്ങൾ ഭാഗ്യവാന്മാർ:<br>
ഓശാനാ ഗാനം പാടി:<br>
കർത്തൻ നാമത്തിൽ: വരുന്ന വാഴ്ത്തപ്പെട്ട:<br>
ദാവീദ് പുത്രന്നോശാന. (ആവർത്തിക്കുക)

ബാവാവാസ്സൂം ................................ X

പൈതങ്ങൾ ഓല: യുവാക്കൾ കിന്നരങ്ങൾ:
കൈകളിലേന്തി പാടി:
മാലാഖമാരും: ചേർന്നുപാടി ഓശാന:
ഉന്നതത്തിലോശാന:
കർത്തൻ നാമത്തിൽ: വരുന്ന വാഴ്ത്തപ്പെട്ട:
ദാവീദ് പുത്രന്നോശാന.

## റാസി കീർത്തനം (രീതി: "ത്തുവാ ല്യല്ലൂദി")

ഞങ്ങളുടെ കർത്താവായ യഹോവേ, തിരുനാമം സർവ്വ ഭൂമിയിലും വാഴ്ത്തപ്പെട്ടതാകുന്നു. X കർത്താവിന്റെ തിരുനാമം സിഹിയോനിൽ വിവരിക്കുന്നവരുടെ നാവ് മൂർച്ചയുള്ള വാൾ പോലെയാകുന്നു. X

രാജ ത്രോണോസ്സായ്: കഴുതയെ കണ്ടോരാം;
വിശ്വാസികൾ പൈതങ്ങൾ;
അവിശ്വാസികൾ: മൂപ്പന്മാരെ ശാസിച്ചു:
ആർത്തുപാടി ഓശാന:
ആത്മരക്ഷാർത്ഥം: വരുന്ന വാഴ്ത്തപ്പെട്ട:
ദാവീദ് പുത്രന്നോശാന. (ആവർത്തിക്കുക.)

# പെസ്ഹാ കർബ്ബാനക്ക് മുമ്പുള്ള റംശാ പ്രാർത്ഥന

സ്വർഗ്ഗത്തിലുള്ളവനായ ........ ............. ...............

## സ്ലോത്ത (പസ്സാ ലൻ)

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, അവിടത്തെ അതിശ്രേഷ്ഠവും മഹത്വമേറിയതുമായ ശക്തിയാലും അങ്ങേ അജയ്യവും അത്യുന്നതവുമായ ഭുജത്താലും ധിക്കാരിയായ സാത്താൻെറ തന്ത്രങ്ങളിൽനിന്നും കുടില കൃത്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ. ഞങ്ങളുടെ ആശ്രയം എന്നേക്കും നിങ്കൽ മാത്രമാകുന്നു. നല്ലവനും സർവ്വനാഥനുമായ ....... .. .. ...................

## ഹുലാല 2. സങ്കീ. 59_62; 62_65; 65_68.

തുടന്ന് ("മ്ശബ്ബാഹ് അത്ത് മാറൻ")

ഞങ്ങളുടെ കർത്താവേ! അവിടന്ന് സ്തുതിക്കപ്പെട്ടവനാകുന്നു അങ്ങേയ്ക്കു് എന്നുമെന്നേക്കും മഹത്വമപ്പിക്കുന്നതു് യോഗ്യവും ഉചിതവും ആകുന്നു. X മഹത്വഗാനങ്ങളാൽ ഹല്ലേലുയ്യ പാടുന്നതിന് ഞങ്ങളുടെ വായ് തുറന്നു് തന്ന മ്ശീഹായ്ക്കു് ഞങ്ങൾ ഇതാ സ്തുതിസ്തോത്രങ്ങൾ അപ്പിക്കുന്നു. X മഹത്വഗാനങ്ങളാൽ പാട്ടുകൾ പാടുന്നതിനു, ഞങ്ങളുടെ വായ് തുറന്നു തന്ന മ്ശീഹായ്ക്കു് ഞങ്ങൾ സ്തുതി പാടുന്നു. X മഹത്വ ഗാനങ്ങളാൽ അങ്ങയെ സ്തുതിക്കുന്നതിന് ഞങ്ങളുടെ വായ് തുറന്നു് തന്ന മ്ശീഹായ്ക്കു് ഞങ്ങൾ സ്തോത്രം കരേററുന്നു. X
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഇന്നുമെന്നും ഞങ്ങൾ മഹത്വമപ്പിക്കും (മൂന്നു പ്രാവശ്യം ആവത്തിക്കുന്നു.)

തിരുകൃപയെ പ്രതി, ഞങ്ങളുടെ കർത്താവേ, ജീവനുള്ള നാളൊക്കെയും ഞങ്ങളുടെ വായ്കൊണ്ടു് സ്തോത്രം പാടിയാലും അതു് മതിയാകാത്തതാകുന്നു. X തിരുകൃപയെ പ്രതി, ഞങ്ങളുടെ കർത്താവേ ജീവനുള്ള നാളൊക്കെയും ഞങ്ങളുടെ വായ്കൊണ്ടു് ഹല്ലേലുയ്യ പാടിയാലും അതു് മതിയാകാത്തതാകുന്നു. X തിരു കൃപയെ പ്രതി, ഞങ്ങളുടെ കർത്താവേ, ജീവനുള്ള എല്ലാ ദിവസങ്ങളിലും ഞങ്ങളുടെ വായ് കൊണ്ടു് നിന്നെ സ്തുതിച്ചാലും അതു് പോരാത്തതാകുന്നു. X കാരുണ്യവാനായ നാഥാ, മർത്ത്യരായ ഞങ്ങളോടു് അങ്ങേ കൃപാകടാക്ഷത്താൽ മനസ്സലിയുകയും കനിവു കാണിക്കുകയും ചെയ്യേണമെ. X അവിടന്നു് സൃഷ്ടിച്ച ജീവനുള്ള ആരും തന്നെ തിരു സന്നിധിയോടെതിർത്തു് ജയിക്കുന്നില്ലല്ലോ. X കർത്താവേ ഞങ്ങളുടെ എല്ലാ തെററു കുററങ്ങളിൽ നിന്നും അവിടന്നു് ഞങ്ങളെ വീണ്ടുകൊണ്ടിരിക്കുന്നു. X അവിടന്നു ഞങ്ങളുടെ ദൈവമാകുന്നു; അവിടത്തേയ്ക്കു് ഇന്നുമെന്നേക്കും സ്തുതി യോഗ്യവും ന്യായവും ആകുന്നു.

## സ്‌ലോത്ത (ലാക താവ)

അവിടുന്നു് കാരുണ്യവാനും കൃപാപൂർണ്ണനും നന്മ നിറഞ്ഞവനും ആനന്ദദാതാവും മഹത്വത്തിന്റെ മഹാരാജാവും അനാദിയായി സ്വയംഭൂവും ആകുന്നു. അങ്ങയെ ഞങ്ങൾ സ്തുതിക്കയും ആരാധിക്കയും പുകഴ്ത്തുകയും ചെയ്യുന്നു. എന്നേക്കും സർവ്വനാഥനായ ...... ............

## ശൂറായ ഒക്ദം_സങ്കീ. 17 : 1_അ.

## സ്‌ലോത്ത. (ലംറഹ്മാനൂതാക്)

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, ഞങ്ങൾക്കു് നല്കിയ അങ്ങേ ഇച്ഛാനുസരണമുള്ള ജീവസന്ധാരണത്തെ പ്രതിയും കാരുണ്യത്തെ പ്രതിയും ഞങ്ങൾ അങ്ങയെ ഇന്നുമെന്നും പുകഴ്ത്തുവാനും സ്തുതിക്കുവാനും ആരാധിക്കുവാനും കടക്കാരാകുന്നു എന്നേക്കും സർവ്വ നാഥനായ.... .................. ..

## മർയ്യ ക്രീതാക്_സങ്കീ. 141, 142, 119: 105_112, 117:1_അ

## സ്‌ലോത്ത. (ശ്മാ മാറൻ)

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, അങ്ങേ കാരുണ്യത്താൽ അവിടുത്തെ ദാസന്മാരുടെ പ്രാർത്ഥനയെ ശ്രദ്ധിക്കേണമേ അങ്ങേ മനസ്സലിവിനാൽ അവിടുത്തെ ആരാധകരുടെ യാചനയെ കൈക്കൊള്ളേണമെ ഞങ്ങളുടെ ശരീരങ്ങളെ സൌഖ്യമാക്കുന്നവനും ഞങ്ങളുടെ ആത്മാക്കളുടെ നല്ല പ്രത്യാശയുമായവനേ, അങ്ങേ കരുണയാലും കൃപയാലും ഞങ്ങളുടെ പാപാവസ്ഥയോട്ടു് കനിവുണ്ടാകേണമെ. എന്നേക്കും സർവ്വനാഥനായ .............. ....

## ശൂറായ ദ്‌വാത്തർ_സങ്കീ. 59:1__അ.

ശൂറായകളുടെ വായന കഴിഞ്ഞാൽ സ്‌ലോത്തകളോ മറ്റോ ചൊല്ലുന്നില്ല.

## കാൽകഴുകൽ ശുശ്രൂഷയുടെ ഈവൻഗാലിയോൻ

## യോഹന്നാൻ 13:1–18

കാൽകഴുകൽ ശുശ്രൂഷയുടെ കീർത്തനങ്ങൾ വി. കുർബ്ബാനാമിത്രം പേജ് 90.

കാൽകഴുകൽ ശുശ്രൂഷ കഴിഞ്ഞു് കൻകിയിലേക്കു് കയറി വി. കുർബ്ബാന **മാർ നെസ്തോറിസിന്റെ തക്സ** പ്രകാരം അർപ്പിക്കുന്നു.

ശൂറായ, സൂമാറ, തുർഗ്ഗാമ, ദ്‌വീം എന്നിവ "വി. കുർബ്ബാനാമിത്രം" പേജ് 91.

## കൻകി കീർത്തനം (രീതി: "ഹന്നാന വംലി റഹ്മി")

അനേകങ്ങളായ അങ്ങേ കൃപാദാനങ്ങളുടെ ഓർമ്മയെ ഞങ്ങൾ കൊണ്ടാടുന്നു. ✕ തലമുറ തലമുറയായി തിരുനാമം സ്മരിക്കപ്പെട്ടു ന്നതിന്ന് തന്നെ ✕.

കർത്തൻ കഷ്ടത്തിൻ ഓർമ്മ: ജനം കൊണ്ടാടുന്നിന്നു്:
വിശ്വാസികളിൻ രക്ഷ: ക്രൂശാൽ താൻ നിവർത്തിച്ചു.
(ആവർത്തിക്കുക.)

ബാവാസ്തും ............ ................ ✕

കർത്തൻ ക്രൂശിൻ കഷ്ടത്തെ: സഭ പൂർണ്ണമാക്കുന്നു:
ഉയിർപ്പിന്നാനന്ദത്തെ: സഭയ്ക്കേകട്ടെ മ്ശിഹ.

## റാസി കീർത്തനം (രീതി: "മിൻ ബീത്ത് ത്യസ്സാക്")

വരുവിൻ, നമുക്കു് കർത്താവിനെ സ്തുതിച്ചു പാടാം ✕ അവങ്കലേക്കു് നോക്കുകയും അവനിൽ പ്രത്യാശിക്കുകയും ചെയ്യുവിൻ ✕

ഹൃദയക്കണ്ണുകളാൽ: ക്രൂശിലേക്കു് പോകുന്ന:
മ്ശീഹായെ ചുററി നില്ക്കും: മാലാഖന്മാരെ കാൺക:
മദ്ബ്ഹായിൽ കർബ്ബാനയിൽ: മാലാഖന്മാരെ പോലെ:
വൈദികർ കർത്തൻ സ്തുതി: കൊണ്ടാടി പ്രാർത്ഥിക്കുന്നു.
(ആവർത്തിക്കുക.)

# ദുഃഖവെള്ളിയാഴ്ച രാവിലത്തെ ശുശ്രൂഷ

## നമ്മുടെ കർത്താവിൻെറ പ്രാർത്ഥന ആരംഭിക്കുന്നു.

രാത്രി കാനോനാ പ്രാർത്ഥന മൂന്നാം മോത്വയുടെ സമയത്ത് വായിക്കേണ്ടതായ ഈവൻഗാലിയോൻ "വി. കുർബ്ബാനാമിത്രം" പേജ് 96

**ഈവൻഗാലിയോൻ** വായനക്കുശേഷം **കുരിശു ചായ്ക്കലും കരപ്പുടപ്പിക്കലും** നടത്തുന്നു.

## കാനോനാ പ്രാർത്ഥനയിലെ അല്പം ചില ഭാഗങ്ങൾ:

താഴെയുള്ള ഓരോ വാക്യങ്ങൾക്കും **പ്രതിവാക്യമായി** എല്ലാവരും ചേർന്ന് ചൊല്ലേണ്ടത്: **"മ്ശീഹായുടെ കഷ്ടാനുഭവത്തെ പ്രതി ഞങ്ങളോടു കരുണയുണ്ടാകേണമേ."**

ഇതാ യൂദായിൻ സിംഹമാകുന്ന ഈശോമ്ശീഹാ പിടിക്കപ്പെട്ടിരിക്കുന്നു. ആത്മാവിൻെറ മയക്കം ഉപേക്ഷിച്ച് ഉണർന്ന് നാം അവനെ വാഴ്ത്തുക. മ്ശീഹായുടെ.........................

പിതാവായ ദൈവം തൻെറ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയക്കുവാൻ തക്കവണ്ണം മനുഷ്യമക്കളെ അത്രത്തോളം സ്നേഹിച്ചു. അക്രമികളായ മനുഷ്യരോ അവനെ പിടിച്ചുകെട്ടി ക്രൂശിച്ചു. മ്ശീഹായുടെ.........................

യഹൂദജനം മ്ശീഹായെ അകാരണമായി ന്യായം വിധിച്ച് കുററക്കാരനാക്കി. അവർ അവനെ ശിക്ഷ കല്പിച്ച് ദണ്ഡിപ്പിച്ചു. മ്ശീഹായുടെ.........................

അവർ കർത്താവിനെ മുഷ്ടി ചുരുട്ടി ഇടിച്ചു; അവൻെറ മുഖത്ത് തുപ്പി; അവൻെറ കന്നത്തടിച്ചു. മ്ശീഹായുടെ.........................

പേയിളകിയ നായ്ക്കളെപ്പോലെ സിംഹരാജാവായ മ്ശീഹായുടെ നേരെ യൂദന്മാർ കൊലവിളി ആർത്തട്ടഹസിച്ച് പാഞ്ഞ് ചെന്നു. അവനോ ആത്മീയ ശാന്തിയിൽ മൗനമവലംബിച്ചു. മ്ശീഹായുടെ..........

അവർ ഒരു മുൾക്കിരീടം മെടഞ്ഞ് മ്ശീഹായുടെ ശിരസ്സിൽ വെച്ചു, അവനെ പരിഹസിച്ച് പുച്ഛിച്ചു. ആത്മീയ ശാന്തിയിൽ അവൻ സർവ്വവും സഹിച്ചു. മ്ശീഹായുടെ.........................

മുരിരുളിൻെറ അന്ധകാരത്തിലേക്ക് അവർ അവനെ എറിഞ്ഞു. അവനോ നീതിസൂര്യനെപ്പോലെ തൻെറ പിതാവിൻെറ പ്രകാശത്തിൽ വിളങ്ങി, സ്വയം ശാന്തിയിൽ ലയിച്ചു. മ്ശീഹായുടെ.........................

മനുഷ്യമക്കളേ, കഷ്ടാനുഭവത്തിൽ വേദനയാതനകളുടെ പാരമ്യം കാണുന്ന ഈശോമ്ശീഹായുടെ മുന്നിൽ ആത്മാവിൽ ഉണർന്ന് സ്തോത്രഗീതങ്ങളെ പാടുവിൻ. മ്ശീഹായുടെ.........................

പരലോകം പൂകിയിരിക്കുന്ന നീതിമാന്മാരും പരിശുദ്ധന്മാരുമായവരേ, മർത്യരുടെ രക്ഷക്കുവേണ്ടി മ്ശീഹാ സഹിക്കുന്ന കഷ്ടാനുഭവത്തിൻെറ കാഠിന്യം കാണുവിൻ. മ്ശീഹായുടെ.........................

വിശ്വാസ വീരനായ അബ്രഹാമേ, എഴുന്നേററ ആത്മാവിൽ ആനന്ദിക്കുക. എന്തുകൊണ്ടെന്നാൽ നിൻെറ മകനായ ഇസ്സ്ഹാക്കിൻെറ ബലിയിൽ നീ ദൃഷ്ടാന്തീകരിച്ച രഹസ്യം ഇതാ മ്ശീഹായിൽ ഇവിടെ പൂർണ്ണമാക്കപ്പെടുന്നു. മ്ശീഹായുടെ.........................

അമ്രാമിൻെറ പുത്രനായ മോശയേ, എഴുന്നേററ സ്വജനത്തിൻെറ കയ്യാൽ കഠിന കഷ്ടാനുഭവം സഹിക്കുന്ന മ്ശീഹായെ കാണുക. മ്ശീഹായുടെ.........................

യിശ്ശായിയുടെ പുത്രനായ ദാവീദേ, നീ നിൻെറ സംഗീതോപകരണമെടുത്ത് പാടുക. ഇതാ, മരിച്ചവരുടെ ഇടയിലെ സ്വതന്ത്ര പുത്രനായ മ്ശീഹാ ക്രൂരപീഢനമനുഭവിക്കുന്നു. മ്ശീഹായുടെ.........................

ആമോസ്സിൻെറ പുത്രനായ യെശയ്യാവേ, എഴുന്നേററ് നീ പ്രവചിച്ച "അമ്മാനുയേൽ" ക്രൂശിങ്കലേക്ക് നടക്കുന്നതിനെ കാണുക മ്ശീഹായുടെ.........................

മത്തായിയുടെ പുത്രനായ യോനായേ, എഴുന്നേററ് കടലാനയുടെ വയററിൽ നീ ദൃഷ്ടാന്തീകരിച്ച രഹസ്യം മ്ശീഹായിൽ നിവൃത്തിക്കപ്പെടുന്നതിനെ കാണുക. മ്ശീഹായുടെ.........................

വിശ്വാസ ധീരനായ ദാനിയേലേ, നീ എഴുന്നേററ് സിംഹഗുഹാനുഭവത്തിൽ നിന്നുള്ള നിൻെറ ദീർഘദർശനം മ്ശീഹായിൽ നിറവേററപ്പെട്ടിരിക്കുന്നതിനെ കാണുക. മ്ശീഹായുടെ.........................

താഴെയുള്ള വാക്യങ്ങൾക്ക് **പ്രതിവാക്യം "എനിക്കും അയ്യോ കഷ്ടം"** എന്ന് എല്ലാവരും കൂടി ചൊല്ലുക.

കഷ്ടാനുഭവ സമയത്തു് മഹാപുരോഹിതനായ കയ്യാഫയുടെ അരമന മുററത്തുവെച്ചു് ശീമോൻ കീഫ മ്ശീഹായെ തള്ളിപ്പറഞ്ഞതുകൊണ്ടു് അവന്നു് അയ്യോ കഷ്ടം. എനിക്കും അയ്യോ കഷ്ടം

യൂദാ ഇസ്കറ്യോത്താവു് മുപ്പതു് വെള്ളിക്കാശിനു് തൻെറ യജമാനനായ കർത്താവിനെ ശത്രുക്കൾക്കു് വിററു. പന്ത്രണ്ടു് സിംഹാസനങ്ങളിൽ ഒന്നിലിരുന്നു് ന്യായം നടത്തേണ്ടുന്ന അവൻ അതിന്നു് അന്യനായി തീർന്നു. യൂദക്കു് അയ്യോ കഷ്ടം. എനിക്കും.........................

ദൈവത്തിൻെറ ജീവനുള്ള പുത്രനെ തള്ളിപ്പറഞ്ഞ ശീമോൻ കീഫ അനുതപിച്ചു് മ്ശീഹായിങ്കലേക്കു് തിരിഞ്ഞു. മ്ശീഹാ അവന്നു് സഹായങ്ങളുടെ കരം നീട്ടി. എന്നാൽ യൂദയോ അനുതപിച്ചു് മ്ശീഹായുടെ സഹായത്തിന്നായി യാചിക്കാതെ ആത്മഹത്യ ചെയ്തു. അനുതപിക്കാത്ത യൂദയ്ക്കു അയ്യോ! കഷ്ടം. എനിക്കും.........................

തൻെറ ആടുകൾക്കായി തന്നെത്താൻ ഏല്പിച്ചു കൊടുക്കുകയും തൻെറ രക്തത്താൽ ആട്ടിൻ കൂട്ടത്തെ രക്ഷിക്കുകയും ചെയ്ത നല്ല ഇടയനായ മ്ശീഹായുടെ കഷ്ടാനുഭവത്തിൽ പങ്കുകാരാകാത്തവർക്കു് അയ്യോ! കഷ്ടം എനിക്കും.........................

ഇക്കഴിഞ്ഞ രാത്രിയിൽ കുന്തം ഇടയൻെറയും ആട്ടിൻ കൂട്ടത്തിൻെറയും നേരെ എഴുന്നേററിത്തു. ശ്ലീഹന്മാർ ഇടയനായ കർത്താവിനെ വിട്ടു് ഓടിപ്പോയി. ചിതറപ്പെട്ട ശ്ലീഹന്മാരുടെ കൂട്ടത്തിനു് അയ്യോ! കഷ്ടം. എനിക്കും.........................

തങ്ങളുടെ രോഗങ്ങളെ സൌഖ്യമാക്കിയ ഈശോവിൻെറ നേരെ ഇക്കഴിഞ്ഞ രാത്രിയിൽ അക്രമികളായ യൂദന്മാർ കൂട്ടം കൂട്ടമായി തങ്ങളുടെ കൈകളിൽ വാളുകളും വടികളുമായി പുറപ്പെട്ടു. അവർക്കു് അയ്യോ! കഷ്ടം. എനിക്കും.........................

ഇക്കഴിഞ്ഞ രാത്രിയിൽ പീലാത്തോസ് എഴുന്നേററു്, ഈശോവിൻെറ രക്തത്തിൽ തനിക്കു് പങ്കില്ലെന്നു പറഞ്ഞു് വെള്ളമെടുത്തു് ജനം കാൺകെ തൻെറ കൈകൾ കഴുകി. അവന്നു് അയ്യോ! കഷ്ടം. എനിക്കും.........................

ഇക്കഴിഞ്ഞ രാത്രിയിൽ നമ്മുടെ രക്ഷിതാവു് ഒരു കുററക്കാരനെപ്പോലെ ന്യായാസനത്തിനു മുമ്പാകെ വിസ്താരത്തിൽ നില്ക്കുമ്പോൾ ഒരു ദാസൻ അവൻെറ കന്നത്തടിച്ചു. ഈ അപമാനത്തിനു മുമ്പാകെ പ്രപഞ്ചം കണ്ണു് പൊത്തിക്കരഞ്ഞു. പ്രപഞ്ചത്തിനു് അയ്യോ! കഷ്ടം. എനിക്കും.........................

ഇക്കഴിഞ്ഞ രാത്രിയിൽ പരിശുദ്ധാത്മാവു് യെരുശലേം ദൈവാലയത്തിൽ നിന്നു് പറന്നു് പോയി. യിസ്രായേലേ, നിന്റെ ആലയം ഇതാ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു എന്നുള്ള പ്രവചനം നിവർത്തിക്കപ്പെട്ടിരിക്കുന്നു. ദൈവാലയത്തിനു് അയ്യോ! കഷ്ടം. എനിക്കും...............

ഇക്കഴിഞ്ഞ രാത്രിയിൽ പരിശുദ്ധ ശ്ലീഹന്മാരുടെ കൂട്ടത്തിൽ നിന്നു് സാത്താൻ തന്ത്രപൂർവ്വം യൂദാ ഇസ്കര്യോത്താവിനെ വേർതിരിച്ചു് അവന്റെ അടിമയാക്കി. യൂദാ ഇസ്കര്യോത്താവിനു് അയ്യോ! കഷ്ടം. എനിക്കും..............................

ഇക്കഴിഞ്ഞ രാത്രിയിൽ കർത്താവു് സ്വയം കഷ്ടാനുഭവത്തിനു് ഏല്പിക്കപ്പെട്ടു. ഇതുപോലെ ഒരു രാത്രിയിൽ അവൻ വന്നു് പാതാളത്തെ വിറപ്പിച്ചു് നമ്മുടെ ശരീരങ്ങളെ കല്ലറകളിൽ നിന്നു് ഉയിർത്തെഴുന്നേല്പിക്കും. പാതാളമേ, നിനക്കു് അയ്യോ! കഷ്ടം. എനിക്കും..........................

ഇക്കഴിഞ്ഞ രാത്രിയിൽ കുററമില്ലാത്തവനായ മ്ശീഹാ രാജാവിനെ പീലാത്തോസ് ന്യായം വിധിച്ചു. രാജാവിനെ ദാസൻ ന്യായം വിധിക്കുന്നു. പീലാത്തോസ്സിനു് അയ്യോ! കഷ്ടം. എനിക്കും..........................

ഇതാ ദൈവ പുത്രൻ പാപികളുടെ കയ്യാൽ ക്രൂശിക്കപ്പെടുവാനുള്ള സമയം ആസന്നമായിരിക്കുന്നു. പാപികൾക്കു് അയ്യോ! കഷ്ടം. എനിക്കും..............................

നമ്മുടെ രക്ഷിതാവു്, "പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു് നീക്കേണമേ" എന്നു് ചോരവിയർത്തു് പ്രാർത്ഥിച്ചു പറഞ്ഞു് വേദനയുടെ കാഠിന്യം തെളിയിച്ചു. കത്താവിനെ ഇതിനു് ഏല്പിച്ചു കൊടുത്തവക്കു് അയ്യോ! കഷ്ടം. എനിക്കും..............................

സ്വയം താഴ്ത്തി അനുകമ്പാപൂവ്വം മററുള്ളവക്കു് നന്മമാത്രം ചെയ്തു് ജീവിച്ച ത്യാഗധനനായ ഈശോവിന്റെ നേരെ വാളും വടികളും പന്തങ്ങളും എടുത്തുകൊണ്ടു് യൂദാജനം ഇതാ പാഞ്ഞു ചെല്ലുന്നു. യൂദാജനത്തിനു് അയ്യോ! കഷ്ടം. എനിക്കും... ..............................

യൂദാ ഇസ്കര്യോത്താവിന്റെ നേതൃത്വത്തിൽ പതിയിരുപ്പുകാരുടെ പാളയം ചെന്നായ്ക്കളെപ്പോലെ ഇതാ ഈശോമ്ശീഹായെ ചുററിവളഞ്ഞിരിക്കുന്നു. പതിയിരുപ്പുകാർക്കു് അയ്യോ! കഷ്ടം. എനിക്കും..................

"ഞാൻ ആ മനുഷ്യനെ അറിയുന്നില്ല" എന്നു് ശിഷ്യന്മാരുടെ തലവനായ ശീമോൻ പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞു. പത്രോസ്സിനു് അയ്യോ! കഷ്ടം. എനിക്കും..............................

മത്സരികളായ യൂദാജനത്തിന്റെ നിർബന്ധം മൂലം സർവ്വത്തെയും ഭരിക്കുന്ന സൃഷ്ടികർത്താവിനെ പീലാത്തോസ് ന്യായം വിധിച്ചു. അത്യുന്നതങ്ങളിൽ മാലാഖന്മാർ ഇതു് കണ്ടു് സൃഷ്ടികർത്താവിന്റെ വിനയത്തിന്റെ ആഴത്തെ ഗ്രഹിച്ചു് അത്ഭുതപ്പെട്ടു. പീലാത്തോസിനു് അയ്യോ! കഷ്ടം. എനിക്കും..............................

കർത്താവിനെ ഏററവും സ്നേഹിച്ചിരുന്ന ശിഷ്യൻ, അവസാന അത്താഴത്തിൽ കർത്താവിന്റെ നെഞ്ചോടു് ചാഞ്ഞു വീണ ആ ശിഷ്യൻ തന്നെ, ക്രൂശാരോഹണത്തിനു് പോകുന്ന കർത്താവിനെ കണ്ടപ്പോൾ ഭയന്നു് സമീപ പ്രദേശത്തെങ്ങും നിൽക്കാതെ ഒഴിഞ്ഞു മാറി. ആ ശിഷ്യനു് അയ്യോ! കഷ്ടം. എനിക്കും..............................

കർത്താവിന്റെ ക്രൂശാരോഹണത്തിൽ ദേശമെല്ലാം അന്ധകാര നിബിഡമായി. സൂര്യൻ, തന്റെ സ്രഷ്ടാവു് അപമാനിതനായി എന്നു് കണ്ടപ്പോൾ ആകാശ മണ്ഡലത്തിൽ ദുഃഖ കാഠിന്യം മൂലം ഇരുളണിഞ്ഞു. കർത്താവിനെ അപമാനിച്ചവർക്കു് അയ്യോ! കഷ്ടം. എനിക്കും..............................

"ഈ രക്തത്തിൽ എനിക്കു് പങ്കില്ല" എന്നു് പറഞ്ഞു് പീലാത്തോസ് കൈ കഴുകിയപ്പോൾ, "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ" എന്നു് യൂദാ ജനം ആർത്തു പറഞ്ഞു. യൂദാജനത്തിനു് അയ്യോ! കഷ്ടം. എനിക്കും..............................

"നീ ദൈവ പുത്രനെങ്കിൽ നിന്നെ തല്ലിയതു് ആർ എന്നു് ഞങ്ങളോടു് പറയുക" എന്നു് ഒളിവിൽ അവനെ തല്ലി പരിഹസിച്ചു കൊണ്ടു ക്രൂശിക്കാൻ കൊണ്ടുപോയവർ പറഞ്ഞു. ക്രൂശിപ്പാൻ കൊണ്ടു് പോയവർക്കു് അയ്യോ! കഷ്ടം. എനിക്കും..............................

ആകിൽകർസായാകുന്ന സാത്താന്റെ തന്ത്രങ്ങളെ ജയിപ്പാൻ ക്രൂശ്മരണത്തിനു് കർത്താവു് തന്നെത്താൻ ഏല്പിച്ചു കൊടുത്തപ്പോൾ ഭൂകമ്പത്താൽ പ്രപഞ്ചം ഒന്നാകെ വിറച്ചു. പ്രപഞ്ചത്തിനു് അയ്യോ! കഷ്ടം. എനിക്കും..............................

ദൈവപുത്രനെ ക്രൂശിച്ച പടയാളികൾ അവൻെറ വസ്ത്രം വിഭാഗിച്ചെടുക്കുകയും അങ്കിക്കായി ചീട്ടിടുകയും ചെയ്തു. പടയാളികൾക്ക് അയ്യോ കഷ്ടം. എനിക്കും......................................

തൻെറ ക്രൂശ് മരണത്താൽ നമ്മുടെ കർത്താവ് മരണത്തേയും പാതാളത്തേയും സാത്താനേയും കിടുകിടെ വിറപ്പിക്കുകയും പാതാളത്തിലേക്ക് ഇറങ്ങി ആത്മാക്കളെ രക്ഷിക്കുകയും ചെയ്തു മരണത്തിനും പാതാളത്തിനും സാത്താനും അയ്യോ കഷ്ടം. എനിക്കും......................................

പാപികൾ ഒന്നിച്ച് കൂടി കർത്താവിനെ ക്രൂശ് മരത്തിൽ തറക്കുന്നത് കണ്ട് മാലാഖമാരുടെ ഗണങ്ങളും ആകാശ ശക്തികളായ സൂര്യചന്ദ്രന്മാരും പ്രലാപത്തിൽ മുഴുകി നിന്നു. കർത്താവിനെ ക്രൂശിച്ച പാപികൾക്ക് അയ്യോ കഷ്ടം. എനിക്കും......................................

കർത്താവിൻെറ ക്രൂശ്മരണത്തിങ്കൽ നീചരായ പടയാളികളേയും യൂദന്മാരേയും സോദോമ്യരെയെന്നപോലെ ആകാശത്തു് നിന്നു് അഗ്നി ഇറക്കി ദഹിപ്പിക്കണമെന്നു് മാലാഖാഗണങ്ങൾ പിതാവിനോട് പ്രാർത്ഥിപ്പാൻ തക്കവണ്ണം കോപിഷ്ഠരായി. നീചപടയാളികൾക്കും യൂദന്മാർക്കും അയ്യോ കഷ്ടം. എനിക്കും......................................

രണ്ടു കള്ളന്മാരുടെ മദ്ധ്യത്തിൽ നിന്ദിതനായി ക്രൂശിതനായി കിടക്കുന്ന നമ്മുടെ കർത്താവിനെ കണ്ട് സ്വർഗ്ഗവും ഭൂമിയും പ്രലാപവസ്ത്രം ധരിച്ചു. കർത്താവിനെ ക്രൂശിച്ചവർക്ക് അയ്യോ കഷ്ടം. എനിക്കും......................................

കർത്താവേ, തിരുരക്തത്താൽ വിലകൊടുത്ത് വാങ്ങിയ തിരുസഭയുടെ സന്താനങ്ങളാകുന്ന ഞങ്ങളും അവിടുത്തെ പങ്കപ്പാടിലും ക്രൂശ് മരണത്തിലും പങ്കുകാരാണെന്നു് ഗ്രഹിച്ച് ഞങ്ങൾക്ക് അയ്യോ കഷ്ടമെന്നു് പറഞ്ഞ് ഇതാ നിലവിളിക്കുന്നു. എനിക്കും......................................

കർത്താവിൻെറ കഷ്ടാനുഭവത്തിൻെറയും ക്രൂശ്മരണത്തിന്റേയും ഈ പരിശുദ്ധ ദിവസം മനുഷ്യജാതിക്കു് ഒന്നാകെ ദൈവം പ്രദാനം ചെയ്ത രക്ഷയെ ഓർത്തു് പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഞങ്ങൾ ഇടവിടാതെ സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. ആമീൻ.

## കഷ്ടാനുഭവ ധ്യാനപ്രസംഗം

സർവ്വത്തിൻേറയും നാഥനായുള്ളോവേ ........ ..............

വാക്യം:- എന്റെ കൈകളും കാലുകളും അവർ തുളച്ചു; എന്റെ സർവ്വ അസ്ഥികളും വിലപിച്ചു.

## തുടർന്നു് സങ്കീ. 142:1—അ

## ക്യാറോസൂത്താ: ദുഃഖവെള്ളിയാഴ്ചയിലേതു്.

തുടർന്നു്, പരിശുദ്ധനായ ദൈവമേ.............. ........

## ഹൂത്താമ (ശയ്യീൻ മാറൻ വാലാഹൻ)

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, തിരുകൃപയാൽ ഈ രാവിലെ സമയത്തു് തിരുസാന്നിദ്ധ്യം ഞങ്ങളിൽ ആവസിക്കുമാറാകട്ടെ. ഞെരുങ്ങുന്നവർക്കു് രക്ഷ, ബന്ധനസ്ഥർക്കു് വിടുതൽ, കഷ്ടപ്പെടുന്നവർക്കു് ആശ്വാസം, രോഗികൾക്കു് സൌഖ്യം, വിദൂരസ്ഥന്മാർക്കു് സാമീപ്യം, അയൽവാസികൾക്കു് സംരക്ഷണം, പാപികൾക്കു് മോചനം, മാനസാന്തരപ്പെടുന്നവർക്കു് സ്വാഗതം, പരിശുദ്ധന്മാർക്കു് ഉന്നതി, നിർദ്ധനർക്കു് ജീവസന്ധാരണം, കാണാതെപോയവർക്കു് കണ്ടെത്തൽ, ചിതറിപ്പോയവർക്കു് തിരിച്ചുവരവു്, മരിച്ചുപോയവർക്കു് ഉത്തമ സ്മരണ, ദൈവത്തിന്റെ എല്ലാ സൃഷ്ടികൾക്കും തിരുകൃപാകടാക്ഷം, സർവ്വ ജനത്തിനും ദൈവതിരുസന്ദർശനം, പാപികളും ബലഹീനരുമായ ഞങ്ങൾക്കു് തിരുവിഷ്ടപ്രസാദം; ദൈവമായ കർത്താവേ, അവിടുത്തെ കരുണാകടാക്ഷത്താൽ എല്ലാവർക്കും എല്ലാററിനും അങ്ങേ ദിവ്യസഹായവും വർഷിക്കുമാറാകേണമേ. ഹാശാ വെഹൽസാൻ ..... .......... ..........

## വിശ്വാസപ്രമാണം

.......................

# ദുഃഖവെള്ളിയാഴ്ച വൈകുന്നേരത്തെ പ്രാർത്ഥനാ ശുശ്രൂഷ

സ്വർഗ്ഗത്തിലുള്ളവനായ ..........

## ഏലാല 3-സങ്കീ. 22—25; 25—28; 28-31.

### സ്ലോത്ത (ലാലാഹൂത്താക്)

സർവ്വ സൃഷ്ടികളിലും അവിടത്തെ കരുണയേയും കൃപയേയും പ്രത്യാശയേയും രക്ഷയേയും നിറച്ചതായ മഹത്വപ്പെട്ട അങ്ങേ ദൈവത്വത്തെ ഞങ്ങൾ എല്ലായ്പോഴും പുകഴ്ത്തുവാനും ഉയർത്തുവാനും ആരാധിക്കുവാനും സ്തുതിക്കുവാനും കടക്കാരാകുന്നു. എന്നേക്കും സർവ്വനാഥനായ.......

**"മ്ശബ്ബ്ഹാഹത്ത് മാറൻ"** പേജ് 3.

സ്ലോത്ത (ലാക താവ) പേജ് 4.

## ശൂറായ ദേക്ദം - സങ്കീ. 69:20—29

സ്ലോത്ത (ലംറഹ് മാന്ത്താക്) പേജ് 4.

## ർയ ക്രീതാക് - സങ്കീ. 141, 142, 119:105-112; 117

സ്ലോത്ത (ശ്മാ മാറൻ) പേജ് 4.

## ശൂറായ ദ്‌വാത്തർ - സങ്കീ. 140:1-അ.

സർവ്വത്തിന്റേയും നാഥനായുള്ളോവേ ..........

വാക്യം: മരിച്ചവരുടെ ഇടയിൽ ഇതാ സ്വതന്ത്രപുത്രൻ. അവർ ഇതാ കല്ലറകളിൽ നിഹിതന്മാരെപ്പോലെ ഉറങ്ങുന്നു.

കിർയാന, ശൂറായ, ശ്ലീഹ, സൂമാറ, ഈവൻഗാലിയോൻ—"വി. കർബ്ബാന ക്രമം" പേജ് 96.

## കഷ്ടാനുഭവ ധ്യാനപ്രസംഗം

## ക്യാറോസൂത്താ: ദുഃഖവെള്ളിയാഴ്ചയിലേത്

സർവ്വജനമേ .. ........ ..........

പരിശുദ്ധനായ ദൈവമേ ......................

സ്വർഗ്ഗത്തിലുള്ളവനായ ......................

## അവസാന സ്ലോത്തകം

പുരോഹിതത്തലവൻ ചൊല്ലുന്ന രണ്ടു് അവസാന സ്ലോത്തകം.

1 (ലാക മോർവാന.)

തിരുസഭയെ ഉന്നതസ്ഥാനത്ത് ഇരുത്തിയവനും അവളുടെ മക്കളായ തൻെറ വാത്സല്യ രക്തസാക്ഷികളെ കിരീടം ധരിപ്പിക്കുന്നവനും ദൈവകീവും ജീവിപ്പിക്കുന്നതും പരിശുദ്ധവും സ്തുതിക്കപ്പെട്ടതുമായ ഞങ്ങളുടെ യുദ്ധങ്ങളിൽ സ്വപടയാളികളെ വിജയം അണിയിപ്പിക്കുന്നവനും തൻെറ പരിശുദ്ധന്മാർക്കു് ദിവ്യസഹായം പ്രദാനം ചെയ്യുന്നവനുമായ കർത്താവേ, അവിടത്തോടു് ഞങ്ങൾ അപേക്ഷിക്കുന്നു. തിരിഞ്ഞു കടാക്ഷിച്ചു് അങ്ങേ പതിവു് പ്രകാരം ഞങ്ങളോടു് കനിവുണ്ടാകേണമെ. എന്നേക്കും....................

2 (ബസ്ലോത്ത് കദ്ദീശൈയ്യ്)

ഞങ്ങളുടെ കർത്താവും ദൈവുമായുള്ളോവേ, അങ്ങേ പരിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ ഞങ്ങളോടു് നിരന്നു്കൊള്ളേണമേ. അങ്ങേ സത്യവാന്മാരുടെ യാചനയാൽ ഞങ്ങളുടെ പാപങ്ങളെ അകററുകയും ഞങ്ങളുടെ ബലഹീനതകളെ മോചിക്കുകയും ചെയ്യേണമെ. ഞങ്ങളുടെ ശത്രുക്കളെ ശാന്തതപ്പെടുത്തേണമെ ഞങ്ങളുടെ മരിച്ചുപോയവരെ ഉയിർപ്പിക്കേണമെ. ഉന്നത ഓറിശ്ലീമിൽ അങ്ങേ ഇഷ്ടത്തെ നിവർത്തിച്ച പരിശുദ്ധന്മാരോടും നീതിമാന്മാരോടും കൂടെ അങ്ങേ രാജ്യത്തിൻെറ മനോഹര മഹത്വത്തിനു് ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യേണമെ. എന്നേക്കും സർവ്വനാഥനായ...... ............

## ഒടുവിലത്തെ സ്ലോത്തകം

(ഉദ്റാനാ മാർ)

കർത്താവേ, അങ്ങേ കരുണയുടെ സഹായവും, അങ്ങേ കൃപയുടെ പിന്തുണയും, മഹത്വപ്പെട്ട പരിശുദ്ധ ത്രീത്വത്തിൻെറ ഗോപ്യവും വാഴ്ത്തപ്പെട്ടതുമായ ദിവ്യശക്തിയും, കരുണയും മനസ്സലിവും നിറഞ്ഞ അങ്ങേ വലങ്കയ്യും, അങ്ങേ ആരാധകരുടെ ബലഹീനതയുടെ മേൽ ആവസിച്ച്

അതിനെ എപ്പോഴും താങ്ങിക്കൊണ്ടിരിക്കേണമെ അങ്ങയെ നിറപ്പിച്ച എല്ലാ പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ സർവ്വസഹായങ്ങളും സർവ്വ സൌഭാഗ്യങ്ങളും നിറഞ്ഞ അവിടത്തെ പരിശുദ്ധ ആലയത്തിൽ നിന്നും ഞങ്ങറംക്ക് കൃപാപ്രവാഹം ഒഴുക്കേണമെ. എന്നേക്കും...............

മറെറാരു സ്ലോത്ത (ബ്ബ്റിക്താക മാറൻ)

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, അങ്ങേ ദാസന്മാർ അവിടത്തെ അനുഗ്രഹത്താൽ വാഴ്ത്തപ്പെട്ടമാറാകട്ടെ.അങ്ങേ ആരാധകർ അവിടത്തെ ഇഷ്ടാനുസരണമുള്ള ജീവസന്ധാരണത്താൽ സംരക്ഷി തരാകമാറാകട്ടെ. കർത്താവേ, തിരുസഭയിലും അങ്ങേ ജനത്തിലും അവിടത്തെ കർത്തൃത്വത്തിൻെറ ദീർഘമായ സമാധാനവും അങ്ങേ ദൈവ ത്വത്തിന്റെ നിരന്തരമായ ശാന്തിയും ഇന്നുമെന്നും ലോകാന്ത്യം വരേയും വാഴുമാറാകട്ടെ. എന്നേക്കും സർവ്വനാഥനായ.....................

മറെറാരു സ്ലോത്ത ( ബ്റിക്തി ദംവാറിക കൂൽ )

സർവ്വരേയും വാഴ്ത്തുന്നവനും സർവ്വത്തേയും സമാധാനപ്പെടുത്തുന്ന വനും സർവ്വത്തോടും കരുണപൊഴിക്കുന്നവനും ആരാധ്യമായ ദിവ്യപരി പാലകനുമായവനേ, ഞങ്ങളുടെ ചുററിലും ഞങ്ങളുടെ മദ്ധ്യത്തിലും അങ്ങ് ഞങ്ങളോടു കൂടെ ഇരുന്ന ദുഷ്ടനിൽ നിന്നും അവൻെറ സൈന്യ ങ്ങളിൽ നിന്നും സദാ സമയവും ഞങ്ങളെ കാത്ത് സംരക്ഷിക്കേണമെ. എന്നേക്കും സർവ്വനാഥനായ.....................

മറെറാരു സ്ലോത്ത (ബ്ബ്റിക്താക മാറൻ)

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, അങ്ങേ അനുഗ്രഹ ത്താൽ അവിടന്ന് ഞങ്ങളെ വാഴ്ത്തണമെ. അങ്ങേ ദിവ്യ പരിപാലന ത്താൽ ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങളുടെ സഹായത്തിനും അങ്ങേ ദിവ്യശക്തി എഴുന്നെള്ളമാറാകട്ടെ. അങ്ങേ ദിവ്യ സഹായം ഞങ്ങറംക്ക് കൂട്ടായിരിക്കേണമെ. അങ്ങേ വലങ്കയ്യ് ഞങ്ങളുടെ മേൽ ആവസിക്കുമാറാകട്ടെ. അങ്ങേ ദിവ്യശാന്തി ഞങ്ങളുടെ ഇടയിൽ പൂർണ്ണ കർത്തൃത്വം നടത്തുമാറാകട്ടെ. അങ്ങേ സ്ലീവ ഞങ്ങറംക്ക് ഉന്നത മായ ഒരു കോട്ടയും അഭയസ്ഥാനവും ആയിരിക്കുമാറാകട്ടെ. സദാ സമയവും ദുഷ്ടനിൽനിന്നും അവൻെറ സൈന്യങ്ങളിൽ നിന്നും അങ്ങേ ചിറകിൻ കീഴിൽ ഞങ്ങറം സംരക്ഷിതരാകുമാറാകട്ടെ. എന്നേക്കും...........

മറെറാരു സ്ലോത്ത (ബ്രീഹീൻ മാർ)

കർത്താവേ, തിരുകൃപയും കരുണയും വാഴ്ത്തപ്പെട്ടതാകുന്നു. അങ്ങേ കർതൃത്വത്തിൻെറ വാഗ്ദത്തങ്ങൾ ആരാധ്യമാകുന്നു. അങ്ങയിൽ നിന്നുള്ള നല്ല പ്രത്യാശക്ക് ഒരിക്കലും ഞങ്ങൾക്ക് ഭംഗം വരരുതെ. എല്ലായ്പോഴും തിരുസന്നിധിയിലേക്ക് നോക്കി തിരുവചനം പഠിക്കുന്നതിനും അങ്ങയിൽ മാത്രം ഞങ്ങളുടെ പ്രശംസ വെയ്ക്കുന്നതിനും ജീവിതനാളൊക്കെയും ഞങ്ങളെ സഹായിക്കേണമെ. എന്നേക്കും............

മറെറാരു സ്ലോത്ത (ബ്ബ്രീകുതാക മാറൻ)

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, അവിടുത്തെ അനുഗ്രഹം അങ്ങേ ജനത്തിന്മേൽ ആവസിക്കുമാറാകട്ടെ. ബലഹീനരും പാപികളും ആയ ഞങ്ങളുടെമേൽ അവിടുത്തെ കൃപാകടാക്ഷം എല്ലായ്പോഴും ഉണ്ടായിരിക്കുമാറാകേണമെ. ഞങ്ങളുടെ നല്ല പ്രത്യാശയും ഞങ്ങളുടെ സങ്കേതവും കരുണാപൂർണ്ണനും പാപങ്ങളേയും കടങ്ങളേയും മോചിക്കുന്നവനും ആയുള്ളോവേ, എന്നേക്കും.......................

മറെറാരു സ്ലോത്ത (സ്ലോത്ത മാർ)

കർത്താവേ, വാഴ്ത്തപ്പെട്ട മാതാവും വിശുദ്ധ കന്യകയും കൃപനിറഞ്ഞവളും സ്വർഗ്ഗ സൌഭാഗ്യവതിയുമായ മാർത്ത്മറിയത്തിൻെറ പ്രാർത്ഥനയും അപേക്ഷയും, ജയോത്സവം കൊണ്ടാടിയ സ്ലീവയുടെ മഹത്തായ ദിവ്യശക്തിയും ദിവ്യ സഹായവും, വി. യോഹന്നാൻ മാംദ്ദാനയുടെ പ്രാർത്ഥനയും, സ്വർഗ്ഗ സൌഭാഗ്യവാന്മാരും നീതിയുടെ സുവിശേഷകന്മാരും ലോകത്തിൽ ദിവ്യശാന്തി വിതച്ച വി. പിതാക്കന്മാരുമായ ശ്ലീഹന്മാരുടേയും ഞങ്ങളുടെ പരിശുദ്ധ പിതാവായ മാർ ഇസ്തപ്പാനോസ്സിൻേറയും ജയശാലിയും രക്തസാക്ഷിയും ധീരസേനാധിപനുമായ മാർ ഗിവർഗ്ഗീസിൻേറയും വിശിഷ്യാ, ഞങ്ങളുടെ പിതാവായ (മാർ.......................ന്റേയും) സ്വർഗ്ഗസൌഭാഗ്യവാനായ മാർ ഔഗിന്റേയും ആത്മീയ ഗണമഖിലത്തിൻേറയും ശ്മോനിയുടേയും അവളുടെ മക്കളെടേയും കർത്താവിന്റെ എല്ലാ പരിശുദ്ധന്മാരുടേയും സഹ്ദേന്മാരുടേയും, പ്രാർത്ഥനകളും അപേക്ഷകളും ഞങ്ങൾക്ക് എല്ലായ്പോഴും കരുത്തുററ ഒരു സങ്കേതസ്ഥാനവും ഉന്നതമായ ഒരു കോട്ടയും ആയിരിക്കുമാറാകട്ടെ. കർത്താവേ, ഇവരുടെ പ്രാർത്ഥനകളാൽ ദുഷ്ടനിൽനിന്നും അവൻെറ സൈന്യങ്ങളിൽ നിന്നും ഞങ്ങളുടെ ശരീരങ്ങളേയും ആത്മാക്കളേയും

അവിടുന്ന് സദാനേരവും സംരക്ഷിക്കുകയും സൂക്ഷിക്കുകയും വീണ്ടുകൊള്ളുകയും കാത്തുകൊള്ളുകയും ചെയ്യുമാറാകേണമെ എന്നേക്കും...........

## ഹൂത്താമ (ശൂഹാലാക ഈശോ)

ജയവീരനായ ഞങ്ങളുടെ രാജാവാം ഈശോയേ, ആദ്യന്തമില്ലാത്തവനായ പിതാവാം ദൈവത്തിന്റെ തേജോരൂപമേ, അനാദിയായി ജാതനായുള്ളോവേ, കാലങ്ങളുടെ അന്ത്യത്തിലും നിലനില്ക്കുന്നവനേ, സ്രഷ്ടാവേ, ഞങ്ങളുടെ പരമമായ ആശ്രയവും പ്രത്യാശയും മററാരിലുമല്ല അങ്ങയിൽ മാത്രമാകുന്നു; അങ്ങേയ്ക്കു സ്തുതി. പുരാതനമെ അങ്ങയെ പ്രസാദിപ്പിച്ചവരും അങ്ങയാൽ തിരഞ്ഞെടുക്കപ്പെട്ടവരുമായ എല്ലാ നീതിമാന്മാരുടേയും പ്രാർത്ഥനയാൽ ഞങ്ങളുടെ പാപങ്ങൾക്ക് മോചനവും ഞങ്ങളുടെ തെററുകൾക്ക് പൊറുതിയും ഞങ്ങളുടെ ഞരുക്കങ്ങൾക്ക് രക്ഷയും ഞങ്ങളുടെ യാചനകൾക്ക് ഉത്തരവും നൽകേണമെ. മനോഹരമായ അങ്ങേ ദിവ്യതേജസ്സിലേക്ക് അവിടുന്ന് ഞങ്ങളെ നയിക്കണമെ. അങ്ങേ ജീവനുള്ള സ്ലീവാടയാളത്താൽ കാണപ്പെടുന്നതോ കാണപ്പെടാത്തതോ ആയ എല്ലാ ആപത്തുകളിൽ നിന്നും അപകടങ്ങളിൽ നിന്നും ഞങ്ങളെ കാത്തുസൂക്ഷിക്കുകയും ചെയ്യുമാറാകേണമെ.

റാശ വെഊഹൽസപൻ..........................

## വിശ്വാസപ്രമാണം

# വലിയ ശനിയാഴ്ച വൈകുന്നേരത്തെ പ്രാർത്ഥനാ ശുശ്രൂഷ

സ്വർഗ്ഗത്തിലുള്ളവനായ...........................

സ്ലോത്ത (ലാലാഹ്ലാത്താക) പേജ് 13

**ഹുലാല 3 സങ്കീ: 22_25; 25_28; 28_31.**

"മ്ശബ്ബാഹത്ത് മാറൻ" പേജ് 3

സ്ലോത്ത (ലാക താവാ) പേജ് 4

**ശൂറായ ഒക്ദം: സങ്കീ. 109:1_അ.**

സ്ലോത്ത (ലംറഹ്മാന്വത്താക) പേജ് 4

**മർയ ക്രീതാക സങ്കീ: 141; 142; 119:105_112; 117**

സ്ലോത്ത (ശ്മാമാറൻ) പേജ് 4

**ശൂറായ ഒ്വാത്തർ സങ്കീ. 43:1_5**

സർവ്വത്തിൻേറയും നാഥ..........................

വാക്യം. മരിച്ചവരുടെ ഇടയിൽ ഇതാ സ്വതന്ത്രപുത്രൻ; അവർ ഇതാ നിഹതന്മാരെപ്പോലെ കല്ലറകളിൽ ഉറങ്ങുന്നു.

## കർത്താവിൻേറ കല്ലറ മുദ്രവെക്കുന്ന ശുശ്രൂഷ

### വേദഭാഗങ്ങൾ

കിർയാന, ശൂറായ, ശ്ലീഹ, സൂമാറ ഈവൻഗാലിയോൻ എല്ലാം വി. കബ്ബാന മിത്രം പേജ് 97.

**ക്യാറോസൂത്ത:** ദുഃഖവെള്ളിയാഴ്ചയിലേതും തുടർന്നുള്ളത് സാധാരണയിലേതും.

സ്ലോത്ത (ലാക മർയ)

സർവ്വശക്തനായ കർത്താവും ദൈവവുമായുള്ളോവേ, ഞങ്ങളുടെ ശരീരങ്ങളേയും ആത്മാക്കളേയും ഇതാ ഞങ്ങൾ തിരുസന്നിധിയിലേക്ക് ഭരമേല്പിക്കുന്നു. പാപങ്ങളുടേയും കടങ്ങളുടേയും മോചനം ഞങ്ങൾ അങ്ങേ പക്കൽനിന്നു യാചിക്കുന്നു. അവിടത്തെ പതിവനുസരിച്ചു, ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, തിരുകൃപയാലും കരുണയാലും ഞങ്ങൾക്കു നല്ലുമാറാകേണമേ, എന്നേക്കും സർവ്വനാഥനായ.......

പരിശുദ്ധനായ ദൈവമേ ........................

സ്ലോത്ത (കദ്ദീശ വശ്‌വീഹ)

പരിശുദ്ധന്മാരിൽ അധിവസിക്കുകയും അവരിൽ പ്രസാദിക്കുകയും ചെയ്യുന്ന പരിശുദ്ധനും സ്തുതിക്കപ്പെട്ടവനും ബലവാനും അമർത്യനുമായുള്ളോവേ, കർത്താവേ, ഞങ്ങളിലേക്ക് തിരിഞ്ഞ് എല്ലായ്പ്പോഴും അങ്ങേക്ക് പതിവുള്ളപോലെ ഞങ്ങളോട് മനസ്സലിവു തോന്നി കരുണ ചെയ്യുമാറാകേണമെ. എന്നേക്കും സർവ്വനാഥനായ ..........

ശമ്മാശ്ശൻ: കർത്താവെ അനുഗ്രഹിക്കേണമേ.

പുരോഹിതൻ: മ്ശീഹ സ്വർഗ്ഗരാജ്യത്തിൽ നിങ്ങളുടെ ശുശ്രൂഷയെ പ്രശോഭിപ്പിക്കുമാറാകട്ടെ. (തുടർന്ന്.)

മഹത്വപ്പെട്ട വി. ത്രീത്വത്തിന്റെ പരിപൂർണ്ണമായ ഏക വിശ്വാസത്തിലേക്ക് ഞങ്ങൾ ഞങ്ങളുടെ ആത്മാക്കളെ ഇതാ ഭരമേല്പിക്കുന്നു. സ്നേഹത്തിന്റെ സായൂജ്യത്തിലും ഐക്യത്തിലും അങ്ങേക്ക് ബഹുമാനവും സ്തോത്രവും ആരാധനയും ഇന്നും എന്നും അർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ. എന്നേക്കും സർവ്വനാഥനായ ..........

## ബാസാലിക്കി കീർത്തനങ്ങൾ

ദൈവമേ, അങ്ങേ ദയയ്ക്കു തക്കവണ്ണം ഞങ്ങളോട് കരുണയുണ്ടാകേണമേ, അവിടുന്നു തിരിഞ്ഞ് ഞങ്ങളെ കടാക്ഷിക്കുകയും ചെയ്യേണമേ ×
ജലത്തിനായ് വാഞ്ഛിച്ചു മോഹിച്ചുകൊണ്ടിരിക്കുന്ന വററി വരണ്ട ഭൂമിയെപ്പോലെയാണ് ഞങ്ങൾ ×

ശ്രുതങ്ങളെ പുറത്താക്കി തന്റെ ഹൃദയത്തെ ദിവ്യസ്നേഹത്തിന്റെ ആലയമാക്കി ചമച്ചതു് ഓർത്തുംകൊണ്ട് കർത്താവിന്റെ കല്ലറ വാതില്ക്കൽ

നിന്നു തന്നോട് കരുണകാണിക്കേണമേ എന്ന് ഇതാ മഗ്ദലനാമറിയം നിലവിളിച്ചുകൊണ്ടിരിക്കുന്നു: മർത്ത്യവർഗ്ഗത്തിന്റെ സുഗന്ധവർഗ്ഗമായി സ്വയം ഹോമിക്കപ്പെട്ട കർത്താവിന്റെ തിരുശരീരത്തിൽ സുഗന്ധ ക്കൂട്ടു പകരുന്നതിന്നു് ആയതു് വാങ്ങിച്ചുകൊണ്ടു് ഇതാ മറിയം കല്ലറക്കൽ എത്തിയിരിക്കുന്നു. മരിച്ചവർക്കും ജീവനുള്ളവർക്കും നല്ലവനായ കർത്താവേ, അങ്ങേ ദിവ്യചൈതന്യം ഉൾക്കൊണ്ടിരിക്കുന്ന ഈ കർത്തൃദാസിക്ക് സഹായം നല്കേണമേ തിന്നരുതെന്ന കല്പന ഉണ്ടായിരുന്ന വൃക്ഷഫലം തിന്നുകയാൽ ലംഘനത്തിൽ അകപ്പെട്ട ആദാമിനെ അവിടുന്നു വീണ്ടെടുത്തിരിക്കുന്നുവല്ലൊ. രക്ഷിതാവേ, അവിടുത്തെ ഈ ദാസിയുടെ മേൽ അങ്ങേ കാരുണ്യത്തിന്റെ ദിവ്യഹിമം തെളിക്കേണമേ. എന്നു മറിയം ഇതാ കല്ലറക്കൽ കേണപേക്ഷിച്ച് കൊണ്ടിരിക്കുന്നു. (ആവർത്തിക്കുക)

ബൊവൊവൂശ്ശം ..................... ×

അങ്ങേ വിശുദ്ധ കബറടക്കത്തിനുശേഷം ധിക്കാരികളും ക്രൂരന്മാരുമായ യഹൂദജനം കല്ലറ കാക്കുന്നതിന്നു പടയാളികളെ കാവൽ നിർത്തി. ഇവർക്ക് എന്തിന്നു് ഈ വിശ്വാസക്കുറവ്? ഇവർ ക്രൂശിച്ച് കൊന്നവനെ ഇവർ തന്നെയല്ലേ അടക്കം ചെയ്തതു്? പിന്നെ എന്തിന്നു് ഈ കാവൽ? എന്തിന്നു ഈ ഭീതി? മൂന്നാം ദിവസം താൻ ഉയിർത്തെഴുന്നേല്ക്കുമെന്നു് കർത്താവു് പറഞ്ഞിരുന്നതു് സംഭവിക്കുമെന്നുള്ളതുകൊണ്ടല്ലേ അവർക്കു് ഭീതിയുണ്ടായതു്? സംഭവിക്കുമെന്നു' തോന്നത്തക്കവണ്ണം കർത്താവിന്റെ ദിവ്യശക്തിയിൽ യഹൂദജനം വിശ്വസിച്ചിരുന്നുവെന്നല്ലേ ഇതിൽ നിന്നു് മനസ്സിലാക്കേണ്ടതു്? അങ്ങിനെയാണെങ്കിൽ അവർ എന്തിന്നു് കർത്താവിനെ ക്രൂശിപ്പാൻ തുനിഞ്ഞു? എല്ലാം അറിയുന്ന കർത്താവു് ഇതാ തന്നെ ക്രൂശിച്ചവരെ ലജ്ജിപ്പിച്ച് തന്റെ മഹത്തേറിയ ഉയിർത്തെഴുന്നേല്പിനാൽ തിരുസഭയെ ആനന്ദത്തിൽ ആറാട്ടമാറാക്കിയിരിക്കുന്നു. ദൈവമേ, അവിടുത്തേക്കു് ഇന്നും എന്നും മഹത്വമുണ്ടാകുമാറാകട്ടെ ആമീൻ.

സ്ലോത്ത (ഹൂസ് അലൈൻ)

കാരുണ്യവാനേ, തിരുകൃപയാൽ കരുണ ചൊരിക്കേണമേ. ദയനിറഞ്ഞവനേ, ഞങ്ങളിലേക്കു് തിരിഞ്ഞു കടാക്ഷിക്കേണമേ. കർത്താവേ, അങ്ങേ ജീവസന്ധാരണത്തിന്റെ കൃപാകടാക്ഷം ഞങ്ങളിൽ നിന്നു തിരിക്കരുതെ. ഞങ്ങളുടെ സർവ്വ ആശ്രയവും പ്രത്യാശയും ഇന്നും എന്നും അങ്ങെയിൽ മാത്രമാകുന്നു, എന്നേക്കും സർവ്വനാഥനായ ......

## ശൂറായാ സങ്കീ. 45:6_8

സ്വർഗ്ഗത്തിലുള്ളവനായ ...... ........

## അവസാന സ്'ലോത്തകാം

1 (പാത്താഹ് തർഈ)

മുട്ടുന്നവർക്ക് തന്റെ വാതിലിനെ തുറന്നുകൊടുക്കുന്നവനും യാചിക്കുന്നവർക്ക് തങ്ങളുടെ യാചനകൾക്ക് ഉത്തരം അരുളുന്നവനും തന്നോടു നിലവിളിച്ച് അപേക്ഷിക്കുന്ന നിർദ്ധനരും അരിഷ്ടരുമായ തന്റെ ദാസീദാസന്മാരിൽ നിന്ന് തന്റെ നൽവരങ്ങളേയും കരുണകളേയും ഒരിക്കലും തടയാത്ത നല്ലവനുമായ ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, ഞങ്ങളുടെ പ്രാർത്ഥനക്ക് വാതിൽ തുറക്കേണമേ. ഞങ്ങളുടെ യാചനയെ കൈക്കൊള്ളേണമേ. അവിടുത്തെ സമ്പത്തേറിയതും കവിഞ്ഞൊഴുകുന്നതുമായ ശ്രീഭണ്ഡാരത്തിൽ നിന്നു ഞങ്ങളുടെ അപേക്ഷകൾക്ക് അങ്ങേ കരുണയാൽ ഉത്തരമരുളുകയും ചെയ്യുമാറാകേണമേ. എന്നേക്കും സർവ്വനാഥനായ ....... ........ ....

2 (ശാമ ബ്'കാല)

അങ്ങയെ നിരപ്പിക്കുന്ന പരിശുദ്ധന്മാരുടേയും നീതിമാന്മാരുടേയും പ്രാർത്ഥനയെ സദാ ശ്രദ്ധിക്കുന്നവനും തന്റെ ഭക്തന്മാരുടെ ആഗ്രഹത്തിന്നനുസൃതമായി പ്രവർത്തിക്കുന്നവനുമായ കർത്താവേ, അങ്ങേ കരുണയാൽ അവിടുത്തെ ഈ ദാസന്മാരുടേയും ദാസിമാരുടേയും പ്രാർത്ഥനയെ കേട്ടരുളേണമെ. അങ്ങേ കൃപാകടാക്ഷത്താൽ അവിടുത്തെ ഈ ആരാധകരുടെ യാചനയെ കൈക്കൊള്ളേണമെ. സദാ അങ്ങയോടു നിലവിളിച്ച് അപേക്ഷിക്കുന്ന ഈയുള്ളവരുടെ ഞെരുക്കത്തിലും കഷ്ടപ്പാടിലും കനിവുണ്ടാകുമാറാകേണമേ. എന്നേക്കും സർവ്വനാഥനായ ... ......

## ഒടുവിലത്തെ സ്'ലോത്തകാം—പേജ് 14

## ഹൂത്താമ—(ശൂഹാ ലാക്) പേജ് 17

സൂര്യാസ്തമനത്തിന്നുശേഷം വി. കർബ്ബാന അർപ്പിക്കുന്നു. മാർ അദ്ദായും മാർ മാറി ശ്ലീഹന്മാരുടെ തക്സയാണ് ഉപയോഗിക്കേണ്ടത്. (ഇന്നുമുതൽ സൂബാറാ വരെ ഈ തക്സ തുടരുന്നു.)

വി. കുർബ്ബാന ആരംഭിക്കുന്നതു് മദ്ബ്ഹായുടെ വലിയ വാതിൽക്കൽവെച്ച താഴെ എഴുതുന്ന വാക്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ടാണ്:

**മഹത്തായ തിരുസഭയിൽ ഞങ്ങൾ അങ്ങേക്കു് സ്തോത്രം പാടും ✕**

**ബഹുജാതികളുടെ മദ്ധ്യത്തിൽ ഞങ്ങൾ അങ്ങയെ വാഴ്ത്തിപ്പുകഴ്ത്തു**

തുടർന്നു് **കൻകി കീർത്തനം**

(രീതി: "ഹന്നാന വംലീ റഹമി")

**സർവ്വ ജാതികളുമേ, കർത്താവിനെ സ്തുതിപ്പിൻ ✕**

**ദൈവത്തിന്റെ സർവ്വഭക്തന്മാരുമേ, കർത്താവിനെ വാഴ്ത്തുവിൻ**

**മ്ശീഹായിൻ സ്നാനം ഏററ്: മ്ശീഹായെ ധരിച്ചോരേ:**

**കർത്തൻ ഉയിർപ്പിൻദിനം: കർത്താവൊത്തു വാഴ്ത്തുവിൻ**

**(ആവർത്തിക്കുക)**

**ബാവായ്ക്കും പുത്രനും ........................ ✕**

**ഏകാത്മസ്നാനമേററ്: ഏകാത്മാവെ ധരിച്ച്:**

**ഏക കർത്തൃ നാമത്തെ: ഐക്യത്തിൽ നാം വാഴ്ത്തുക.**

കൻകി കീർത്തനം കഴിഞ്ഞാൽ സ്‌ലോത്ത ചൊല്ലുന്നു. അനന്തരം ശമ്മാശ്ശൻ ശ്ലീഹവായിക്കുന്നു (കീർയാന ഇല്ല.)

# ശ്ലീഹ: 1കോരി. 15:20-29

## ശ്ലീഹയിലെ ആദ്യവാക്യം:

**"ഇപ്പോൾ ഇതാ മ്ശീഹാ നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു് ഉയിർത്തെഴുന്നേററിരിക്കുന്നു."**

കെട്ടപ്പെട്ടിരിക്കുന്ന തിരുശ്ലീലയെ പിടിച്ചു കറക്കിക്കൊണ്ടു ഈ ആദ്യവാക്യം **മൂന്നു പ്രാവശ്യം** ഉച്ചത്തിൽ പ്രഖ്യാപിക്കുന്നു. തുടർന്നു ശ്ലീഹ മുഴവനും വായിക്കുന്നു. വായന കഴിഞ്ഞാൽ സ്ലീവ മുതലായവയെല്ലാം ശരിയാക്കിവെച്ച് ഈവൻഗ്ഗ്യാലിയോൻ വായിക്കുന്നു.

സൂമാറ, ഈവൻഗ്ഗ്യാലിയോൻ, തുർഗ്യാമ, ല്ഹീലത്തു്, ദ്‌വീം എന്നിവ വി. കർബ്ബാനമിത്രം പേജ് 99.

# റാസി കീർത്തനം

(രീതി: "മിൻബഹീത്ത് ഗ്യസ്സാക")

സർവ്വ ഭൂമിക്കും അവിടുന്ന് സർവ്വസ്വാമഹിമയും ആനന്ദവും സർവ്വ സമ്പൂർണ്ണമായി എന്നേക്കും നൽകിയിരിക്കുന്നു. X

സർവ്വ ലോകത്തിന്നും ഉണ്ടാവാനിരിക്കുന്ന ഒരു മഹത്തേറിയ ആനന്ദ വാർത്ത ഇന്നു് ഞാൻ ഇതാ നിങ്ങളോടു സുവിശേഷിക്കുന്നു X

കർത്തൻ ഉയിർപ്പു നല്കി : നിത്യ ജീവൻ, പ്രത്യാശ:
ദിവ്യജ്ഞാനം, പ്രകാശം :പാപമോചനം, സ്വർഗ്ഗം:
ശത്രു സാത്താന്മേൽ ജയം: ആത്മാനന്ദം സമ്പൂർണ്ണം:
തിരു സഭ പാടട്ടെ : സ്തുതി സ്തോത്ര ഗാനങ്ങളും.

(ആവർത്തിക്കുക)

തുടർന്നു മുൻ പറഞ്ഞപോലെ മാർ അദ്ദായ്, മാർ മാറി ശ്ലീഹന്മാരുടെ തക്സ പ്രകാരം വി. കുർബ്ബാന അർപ്പിക്കുന്നു.

# ഉയിർപ്പ് പെരുന്നാളിൻെറ പാതിരാ പ്രാർത്ഥന

"മോതച" ചൊല്ലുന്നില്ല. "കാലിദ്ശഹ്റ" ഒരു ഹുലാല മാത്രം ചൊല്ലുന്നു. സത്യത്തെ പഠിപ്പിക്കുന്ന മല്പാന്മാരും ദൈവ ദാർശനികന്മാരായ പിതാക്കന്മാരും ഇപ്രകാരം നിശ്ചയിച്ച് വെച്ചിരിക്കുന്നു.

ആരംഭം: സ്വർഗ്ഗത്തിലുള്ളവനായ ..... ....... ....

## കാലിദ് ശഹ്റ ഹുലാല 14. സങ്കീ. 93–96, 96–99, 99–102 വരെ

## ലില്യ കീർത്തനം

ലോകവും അതിലെ എല്ലാ നിവാസികളുമായുള്ളോരേ, കർത്താവിന്നു ഒരു പുതിയ പാട്ടു പാടുവിൻ ✕

പഴയതെല്ലാം ഇതാ ഒഴിഞ്ഞു പോയിരിക്കുന്നു; മുമ്പെ ഉണ്ടായിരുന്നതെല്ലാം മ്ശീഹായിൽ ഇതാ പുതുക്കപ്പെട്ടിരിക്കുന്നു ✕

എല്ലാ സൃഷ്ടികളും മ്ശീഹായിൽ ഇതാ പുതുക്കം പ്രാപിച്ചിരിക്കുന്നു. ഈ പുതുക്കത്തിൻെറ ശിരസ്സ് നമ്മുടെ കർത്താവാകുന്നു. അവനാൽ മരണത്തിൻെറ അധികാരം അഴിക്കപ്പെട്ടിരിക്കുന്നു. മരിച്ചവരെ അവൻെറ ശബ്ദം ഉയിർത്തെഴുന്നേല്പിച്ചു. സാത്താനെ അവൻ മഹാ ദുഃഖത്തിലാഴ്ത്തി. സാത്താൻ കരഞ്ഞുംകൊണ്ടു ഇപ്രകാരം പറഞ്ഞുകൊണ്ടിരിക്കയാണ്: "ആദാമിനേയും അവൻെറ സന്തതികളേയും ഞാൻ പരിഹസിച്ച് പുച്ഛിച്ചു. ഞാൻ അവരെ മറ്റുള്ളവർക്ക് ഒരു ചിരിയാക്കി. എന്നാൽ ഇതാ ഈശോ എൻെറ അധികാരം വെപ്പിച്ച് എന്നെ ഇറക്കിവിട്ടിരിക്കുന്നു. എൻെറ സമ്പത്തു അവൻ സമൂലം പിടിച്ചെടുത്തിരിക്കയാണ്. അവൻ തൻെറ ഉയിർപ്പിനാൽ എന്റെ സർവ്വസ്വത്തേയും എടുത്ത് ആദാമിന്റെ വർഗ്ഗക്കാർക്ക് ഇതാ പങ്കിട്ടുകൊടുത്തിരിക്കുന്നു. (ആവർത്തിക്കുക)

(രീതി: ശുബ്ഹാ ല്യല്ലുദി.)

ബാവായ്ക്കും.................... ✕

യോസേപ്പിൻ തോട്ടം: മിശിഹായിൻ സംസ്കാരത്താൽ;
പർദൈസായായി മാറി:

സ്രാപ്പേന്മാർ കൂട്ടം പർദൈസാ കല്പറമേൽ:
വന്നു് സ്തുതി പാടുന്നു:
കർത്തൻ ഉയിർപ്പ്: നല്ലമാനന്ദ വാഴ്‌വിൽ:
സർവ്വത്ര സ്തുതിഘോഷം.

## ശുബഹാ: സങ്കീ. 97

(ഹ്പാഹത്ത:) **പ്രത്യുത്തരവാക്യങ്ങൾ**

1) സഭയേ, നിന്നെ പുതുക്കിയ കർത്താവിന്നു് നീ സ്തുതി പാടുക. അവൻെറ ആരോഹണത്താൽ നിൻെറ താഴ്ചയെ അവൻ ഉയർത്തുകയും നിന്നെ ആനന്ദത്തിൽ ആറാടുമാറാക്കുകയും ചെയ്തിരിക്കുന്നു.

2) ക്രൂശിലെ കള്ളൻ, "ഉന്നത രാജ്യം പ്രാപിക്കുമ്പോൾ ഓർക്കേണമേ" എന്നാണു് പ്രാർത്ഥിച്ചതു്. അവൻ പർദൈസയേയോ അതിലെ വൃക്ഷഫലങ്ങളേയോ അല്ല ആഗ്രഹിച്ചതു്. സത്യ സ്വർഗ്ഗസൌഭാഗ്യങ്ങൾക്കു് വേണ്ടിയാണു് അവൻ പ്രാർത്ഥിച്ചതു്.

അപ്പിസ്ക്കോപ്പയുണ്ടെങ്കിൽ;

3) ശിമോൻ പത്രോസിനെക്കൊണ്ടു് ആവർത്തിച്ച മൂന്നു പ്രാവശ്യം തന്നെ "കർത്താവെ" എന്നു് അഭിസംബോധന ചെയ്യിച്ചുകൊണ്ടു് "എൻെറ കുഞ്ഞാടുകളേയും, എൻെറ ആടുകളേയും എൻെറ പെണ്ണാടുകളേയും പോററുകയും മേയിക്കുകയും പാലിക്കുകയും ചെയ്യുക" എന്നു് കർത്താവു് കല്പിച്ചരുളി.

"തോദി ല്താവ" തിശ്ബോഹത്ത ചൊല്ലുന്നു.

## ക്യാമ്റോസൂത്ത

നാമെല്ലാവരും ആനന്ദത്തോടും സന്തോഷത്തോടുംകൂടെ എഴുന്നേററു നിന്നുകൊണ്ടു്, കർത്താവെ ഞങ്ങളോടു് കരുണയുണ്ടാകേണമേ എന്നു പറഞ്ഞു് അപേക്ഷിക്കുക.

തൻെറ പരിശുദ്ധ ശരീരത്തിൻ്റെ ഉയിർത്തെഴുന്നേല്പിനാൽ പാതാള വാതിലുകളെ തകർക്കുകയും മരണത്തിൻെറയും പാപത്തിൻെറയും അധികാരത്തെ അഴിക്കുകയും ചെയ്ത മ്ശിഹായെ, ഞങ്ങൾ നിന്നോടു യാചിക്കുന്നു.

ശിഷ്യന്മാരെ കല്പിച്ചയയ്ക്കുകയും, ലോകാന്ത്യത്തോളം എല്ലാ നാളും അവരോടുകൂടെയും ഉയിപ്പ് തിരുനാളാഘോഷിക്കുന്ന ഞങ്ങളോടു കൂടെയും ഉണ്ടായിരിക്കുമെന്നു വാഗ്ദത്തം ചെയ്യുകയും ചെയ്ത മ്ശിഹായേ, ഞങ്ങൾ നിന്നോട് യാചിക്കുന്നു ........... ..

തന്റെ ഉയിർത്തെഴുന്നേല്പിനാൽ ഞങ്ങളെ ഉന്നതത്തിലേക്ക് ഉയർത്തുകയും തന്റെ പുനഃരുത്ഥാനത്താൽ ഞങ്ങളെ സന്തോഷിപ്പിക്കുകയും തന്റെ രക്ഷയാൽ ഞങ്ങളെ ആനന്ദിപ്പിക്കുകയും തന്റെ നൽവരങ്ങളാൽ ഞങ്ങളെ സമ്പന്നരാക്കുകയും അത്യുന്നതങ്ങളിലേക്ക് ഞങ്ങളുടെ ശിരസ്സുകളെ ഉയർത്തുകയും ഞങ്ങളുടെ ഹൃദയങ്ങളെ ആഹ്ലാദംകൊണ്ടു നിറക്കുകയും തന്റെ ഉയിപ്പിനാൽ ഞങ്ങളുടെ ആത്മാക്കളെ പുതുക്കുകയും ചെയ്ത മ്ശിഹായേ ... .. .......

ഞങ്ങളുടെ വി പിതാക്കന്മാരായ മാർ (ഇന്ന) കാതോലിക്ക പാത്രിയർക്കീസിന്റെയും മാർ (ഇന്ന്) അപ്പിസ്കോപ്പ മെത്രാപ്പോലീത്തയുടെയും അവരുടെ കൂട്ടു ശുശ്രൂഷകന്മാരായ എല്ലാവരുടേയും ആരോഗ്യത്തിന് വേണ്ടിയും ഞങ്ങൾ നിന്നോടു ....... ...

തന്റെ പ്രിയപ്പെട്ട പുത്രനെ ഉയിർത്തെഴുന്നേല്പിക്കുകയും സത്യമായ അമർത്യത അവനെ ധരിപ്പിക്കുകയും തിരുസഭയുടെ തലയാക്കി തന്റെ കാരുണ്യത്താലും കൃപാ കടാക്ഷത്താലും സർവ്വത്തെയും ഭരിക്കുന്നതിനു് അവനെ നിയോഗിക്കുകയും ചെയ്ത ദൈവമേ, ഞങ്ങൾ നിന്നോടു യാചിക്കുന്നു.

സ്വർഗ്ഗത്തിൽ ഒമ്പതു മാലാഖഗണങ്ങളാൽ അനവരതം സ്തുതിക്കപ്പെടുന്നവനും മഹത്വപ്പെട്ട തന്റെ ഈ ഉയിപ്പ് തിരുനാളിൽ ഭൂമിയിലെ മനുഷ്യരായ എല്ലാവരാലും ആരാധിക്കപ്പെടുന്നവനുമായവനേ, ഞങ്ങൾ നിന്നോട് ... ........ .......

ഞങ്ങളുടെ കർത്താവായ മ്ശിഹായേ, അങ്ങേ കൃപാ കടാക്ഷത്താൽ ഞങ്ങളെ എല്ലാവരേയും രക്ഷിക്കുകയും അങ്ങേ അവസാന ഉയിപ്പിനെ പ്രതീക്ഷിച്ച് കാത്തിരിക്കുന്ന ഈ അങ്ങേ ജനക്കൂട്ടത്തിന്മേൽ അവിടുത്തെ കാരുണ്യത്തിന്റെ വലങ്കൈ നിഴലിക്കുകയും ഞങ്ങളോടു കരുണയുണ്ടാകുകയും ചെയ്യുമാറാകേണമേ. ആമീൻ.

# തിശ്മിശ്ത്ത ദ്സപ്ര

## പ്രഭാത പ്രാത്ഥനാശുശ്രൂഷ

( ഹൂദയിൽ നിന്ന് Or )

### സ്ലോത്ത 1 (അശാ ലൻ)

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, അങ്ങേ മഹത്വപ്പെട്ട ദൈവത്വത്തിൻേറയും കർതൃത്വത്തിൻേറയും തിരുവിഷ്ടം അനുസരിച്ച തിരുമുമ്പാകെ നിർമ്മലതയിലും ഭയഭക്തിയിലും ജാഗ്രതയിലും ശുഷ്കാന്തിയിലും നീതിയിലും നേരിലും ആത്മാവേശത്തിലും പരിശുദ്ധിയിലും നിഷ്കളങ്കതയിലും ഈ വിശുദ്ധ ശുശ്രൂഷയെ അനുഷ്ഠിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ. കർത്താവേ, ഞങ്ങളുടെ ഈ പ്രാർത്ഥന അങ്ങയെ നിറപ്പിക്കുമാറാകട്ടെ. ഞങ്ങളുടെ ഈ അപേക്ഷയും ഉണർവ്വോടെയുള്ള ഈ യാചനയും അങ്ങയെ അനുരഞ്ജിപ്പിക്കുമാറാകട്ടെ. ഞങ്ങളുടെ ഈ പ്രാർത്ഥനാശുശ്രൂഷ അങ്ങയുടെ മഹിമക്കായി തീരുമാറാകട്ടെ. തകന്ന ഹൃദയത്തോടെയുള്ള ഞങ്ങളുടെ യാചന അങ്ങയെ പ്രീതിപ്പെടുത്തുമാറാകട്ടെ. മനുഷ്യസ്നേഹിയും നല്ലവനുമായുള്ളോവേ, അങ്ങേ ദൈവത്വത്തിൻെറ കരുണയും കൃപയും അങ്ങേ ദയയാലും കനിവിനാലും അവിടുന്നു തിരഞ്ഞെടുത്തിരിക്കുന്ന തിരുസഭയിലെ ഈ ജനക്കൂട്ടത്തിൻെറ കടങ്ങളുടെ മോചനത്തിനും പാപങ്ങളുടെ പൊറുതിക്കും വേണ്ടിയുള്ളതായിരിക്കുമാറാകട്ടെ. എന്നേക്കും ...... ...... ......

### സ്ലോത്ത 2 (അൻഹർ ലൻ മാർ)

കർത്താവേ, അങ്ങേ ദിവ്യ പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിക്കേണമെ. അങ്ങേ ആഗമനത്താൽ ഞങ്ങളെ സന്തോഷിപ്പിക്കേണമെ. അങ്ങേ രക്ഷയാൽ ഞങ്ങളെ ആനന്ദിപ്പിക്കേണമെ. അവിടുത്തെ വിശുദ്ധരഹസ്യങ്ങളിൽ ഞങ്ങളെ പങ്കുകാരാക്കേണമെ. അവിടുത്തെ പ്രകാശധാരിണികളായ സ്വർഗ്ഗീയഗണങ്ങളോടും മാലാഖമാരുടെ കൂട്ടങ്ങളോടും ഒന്നിച്ച് സ്തോത്രസമ്പൂർണ്ണമായ ഗാനരീതികളാൽ പരിശുദ്ധത്രിത്വത്തിനു മഹത്വം പാടുവാൻ ഞങ്ങൾക്ക് അങ്ങേ കൃപ നല്കി ഞങ്ങളെ യോഗ്യരാക്കേണമെ. അങ്ങ് സർവ്വാധികാരിയും സൃഷ്ടികളുടെ ശുശ്രൂഷ അശേഷം ആവശ്യമല്ലാത്ത സ്രഷ്ടാവും തിരുകൃപയാൽ

4. അങ്ങ് മാലാഖമാരാൽ സ്തുതിക്കപ്പെടുന്നവനും മനുഷ്യമക്കളാൽ വാഴ്ത്തപ്പെടുന്നവനും ആകുന്നു. ഇതാ ഞങ്ങൾ സർവ്വരും ഒന്നിച്ച് ഏക ശബ്ദത്തിൽ ഈ (ഇന്ന) പെരുന്നാൾ ദിനത്തിൽ രക്ഷിതാവായ മ്ശീഹായ്ക്കു സ്തുതി ഘോഷിച്ച് പാടുന്നു.

## സ്ലോത്ത (ശ്ലീഹ് മാർ)

കർത്താവേ, അങ്ങേ ദൈവത്വത്തിലുള്ള മഹത്തായ ആശ്രയം സ്തുതിക്കപ്പെട്ടതാകുന്നു. അങ്ങേ കർതൃത്വത്തിലുള്ള ഞങ്ങളുടെ അഭയസ്ഥാനം ഉന്നതവും മഹനീയവുമാകുന്നു. അങ്ങയിൽ വിശ്വസിച്ച് പ്രത്യാശിക്കുന്നവരും തിരുനാമം വിളിച്ചപേക്ഷിച്ച് പ്രാർത്ഥനാനിരതരായി വർത്തിക്കുന്നവരും ഒരു നാളും ലജ്ജിച്ച് പോകയില്ല. എന്നേക്കും സർവ്വനാഥനായ ...... ............ ..

## സങ്കീർത്തനം 104:1–16

വാക്യം: കർത്താവിന്റെ മഹത്വം എന്നുമെന്നേക്കും നിലനില്ക്കുമാറാകട്ടെ.

## സങ്കീർത്തനം 113:1–അ

വാക്യം: പ്രകാശത്തെ സൃഷ്ടിച്ചവനായ ദൈവമേ, അങ്ങേയ്ക്കു സ്തുതി.

## സ്ലോത്ത (അത്തു മാർ)

കർത്താവേ, പ്രകാശത്തിന്റെ സ്രഷ്ടാവ് അവിടുന്നാകുന്നു. അങ്ങ ജ്ഞാനത്താലും സത്യമായ വിധിയാലും ഇരുളിനെ അങ്ങ് നിയന്ത്രിക്കുന്നു. സൂര്യനക്ഷത്രാദികൾ വഴിയായി പ്രപഞ്ചത്തിന്റെ ഉജ്ജ്വല പ്രകാശത്തെ അവിടുന്ന് ദീപം കൊളുത്തി അങ്ങേ കൈകളുടെ പ്രവൃത്തി മൂലം പകലും രാവും സർവ്വത്ര പ്രകാശിക്കുന്നതിനു അങ്ങ് പ്രപഞ്ച പ്രകാശം നൽകി തേജസ്സും ഓജസ്സും ഉണ്ടാക്കി അങ്ങയെ ആരാധിപ്പാൻ ഞങ്ങൾ കടക്കാരാകുന്നു അങ്ങുമാത്രമാണ് ഞങ്ങളുടെ ദൈവം. അങ്ങേയ്ക്കു ഞങ്ങൾ സ്തുതി സ്തോത്രങ്ങൾ അർപ്പിപ്പാൻ യോഗ്യവും ഉചിതവും ആകുന്നു. എന്നേക്കും സർവ്വനാഥനായ ...... ............ ....

## സങ്കീർത്തനം 93:1–അ.

വാക്യം: അനാദിയായ സ്വയംഭൂവേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു.

തുടന്ന് **സങ്കീർത്തനം 148:1-അ.**

[ഓർമ്മദിവസങ്ങളിൽ തുടന്ന് **സങ്കീർത്തനം 149:1-അ.**]

തുടന്ന് **സങ്കീർത്തനം 150:1-അ.**

തുടന്ന് **സങ്കീർത്തനം 117:1-അ.**

## സ്ലോത്ത ദ്ഓനീത്ത (ലാക മ്ശീഹാ)

സത്യപ്രകാശമായ മ്ശീഹായേ, പിതാവിൽ നിന്നുള്ള മഹത്തായ പ്രഭയെ, മനുഷ്യ വർഗ്ഗത്തിൻെറ രക്ഷകനും പുതുക്കത്തിന്നും ലോകത്തിൽ വെളിപ്പെട്ട് ഉദയം ചെയ്തവനേ, ഞങ്ങൾ അങ്ങേയ്ക്ക് മഹത്വവും ബഹുമാനവും സ്തോത്രവും ആരാധനയും അർപ്പിക്കുന്നു. എന്നേക്കും സർവ്വശക്തനായ........... ............ ......

ഖുദ്രയിൽ നിന്ന് ഓനീത്ത ചൊല്ലി "ബ്മദ്ന ഹൈ സപ്ര............"
മൂന്നടി പാടുന്നു.

1 ഉഷസ്സുദയ-ത്തിൽ കർത്താ! നിന്നെ വാഴ്ത്തുന്നു:
സർവ്വ സൃഷ്ടി-കളും രക്ഷകൻ നീ!:
ശാന്തിപൂർണ്ണ പ്രഭാ-തം, പാപങ്ങൾക്കു മോചനം:
നിൻകൃപയാൽ-എന്നും നല്കണെ

2 പ്രത്യാശകൾ ഭം-ഗം ഞങ്ങൾക്കുണ്ടാകരുതെ:
നിൻ വാതിലെ-അടയ്ക്കരുതെ:
ദിവ്യ പാലന-ത്തെ, ദൈവമെ! തടയാതെ:
കാരുണ്യാനു-ഗ്രഹം നല്കണെ.

3 സ്നേഹം, ശാന്തി, ഐ-ക്യം കർത്താ! വിതയ്ക്കേണമെ:
അരികളന്യോർ-ക്കു സമാധാനം:
രോഗികൾക്കു സൌ-ഖ്യം, മർത്യർക്കെല്ലാം മോചനം:
നിൻപാലന-വും നല്കേണമെ.

## സ്ലോത്ത ("നുഹ്റ ദ്നഹ്"ൻെറ)

കർത്താവേ അങ്ങേ പ്രത്യക്ഷതയുടെ മഹത്തായ പ്രകാശത്തേയും അങ്ങേ ആഗമനത്തിൻെറ ആനന്ദകരമായ ഉദയത്തേയും അവിടുന്നു സൃഷ്ടിച്ച പ്രപഞ്ചം മുഴുവനും ഇതാ പ്രത്യാശയോടെ കാത്തിരുന്ന് വീക്ഷി

ക്കുന്നു. അങ്ങേ കൃപയാലും കരുണയാലും സ്വർഗ്ഗീയ മണിയറയിൽ അങ്ങേ വി. രഹസ്യങ്ങളുടെ പങ്കുകാരായ പരിശുദ്ധന്മാരോടൊത്ത് ഈ അങ്ങേ മക്കളും ദിവ്യശോഭയിൽ ലയിച്ച് സന്തോഷിക്കുകയും ആനന്ദിക്കുകയു ചെയ്യുമാറാകട്ടെ. എന്നേക്കും സർവ്വനാഥനായ ..........

[ഈശോ മ്ശിഹായുടെ അത്ഭുത ഉദയത്തെപ്പററി സുറിയാനി മല്പാനാ പരിശുദ്ധ മാർ അപ്രേം രചിച്ച ഈ തിശ് ബൊംഹ്ത്ത പാടുന്നു.]

## "നുഹ്റ ദ്നഹ് ല്സദ്ദീക്കി....................."

വിശുദ്ധർക്കു പ്രകാ–ശം: നേരുള്ളോർക്കാനന്ദവും

1 ഈശോ കർത്തൻ മ്ശീ–ഹാ: ബാവായിൽ നിന്നു ഭൂജാ–തൻ:
തൻപ്രകാശ പ്രവാഹത്താൽ അന്ധകാരം മുററും–നീക്കി.

2 തേജോപ്രഭാതത്തിൻ ശ–ക്തി: പെട്ടെന്നിരുളിനെയോടി–ച്ചു:
മ്ശിഹാതേജസ്സിൻ പ്രഭാപൂരം മർത്ത്യർക്കു നല്കി ജീവ–പ്രഭ.

3 ഭുവിലുദിച്ച തേജോപ്രവാ–ഹം:പാതാള വാതിലെ തകർ–ത്തു:
ഇരുറം നിഷ്ഠാസിതമായ് മൃതിയിൻശക്തിയെ നശി–പ്പിച്ചു.

4 സൃഷ്ടിക്കു മുഴുവൻ ശോഭ ന–ല്കി:കല്ലറ വിട്ടുണർന്നു മൃതർ പാ–ടി:
രക്ഷയും തേജസ്സും നല്കിയ മ്ശിഹായ്ക്കു മാമ–ഹത്വം.

5 മർത്ത്യർക്കീശോ നിത്യജീവൻന–ല്കി: സ്വർഗ്ഗത്തേയ്ക്കുയർത്ത പാപിക–ളെ
തേജസ്സിലീശോ വീണ്ടുംവരും നേരം തേജസ്സവർ പ്രാ–പിക്കും

6 രാജൻ മഹാമഹത്വ തേജ–സ്സിൽ: വീണ്ടുംവരും സമയ–ത്തിൽ:
ദീപംകത്തിച്ചെതിരേല്ക്കും നമ്മിലീശോ ആനന്ദി–ക്കട്ടെ

7 ബാവായെ നാം വാഴ്ത്തിപ്പാടു–ക: പുത്രനു സ്തോത്രം സമർപ്പി–ക്കാം
രക്ഷയും ആശയും നല്കിയ റൂഹാ നമ്മെ സന്ദർശി–ക്കട്ടെ.

8 മ്ശിഹായിന്നാഗമനമതിൻ–നാറം:മിന്നൽപോൽ പെട്ടെന്നു–വന്നു
അപ്പോറം ദീപം കൊളുത്തി വിശുദ്ധർ തൻ എതിരേൽപ്പിൽ–
ചേരും.

17 കർത്താവിൻ സഹദേന്മാരേ: കർത്തനെ വാഴ്ത്തുവിൻ
ദൈവാലയേ നില്ക്കുവോരേ: കർത്തനെ വാഴ്ത്തുവിൻ
എന്നേക്കും അവനെ പുകഴ്ത്തുവിൻ

18 പിതാപുത്ര റൂഹാദ്കുദ്ശായെ: ഞങ്ങൾ വാഴ്ത്തുന്നു.
എന്നേക്കും ഞങ്ങൾ: വാഴ്ത്തി പുകഴ്ത്തുന്നു.
എന്നേക്കും വാഴ്ത്തി പുകഴ്ത്തുന്നു.

ഹൂദ്രയിൽ നിന്നു് പാടിയശേഷം

പെരുന്നാളുകൾക്ക വൈദീകർ വിശുദ്ധ മദ്ബഹായിലേക്ക് പ്രവേശിക്കുന്നു. പ്രധാന പുരോഹിതൻ എല്ലാ സന്നാഹങ്ങളോടും കൂടെ ഈവൻഗാലിയോന് വായിക്കുന്നു.

സൂമാറ ഉർഗ്യാമ ഈവൻഗാലിയോൻ ഇവ വി. കർബാനാമിത്രം
പേജ് 102. തുടൻ കാനീത്ത.

## സ്ലോത്ത (തിശ് ബൊഹ്ത്ത ലാലാഹയുടെ)

മഹത്തായ അത്ഭുതത്തിന്റെ ദുർഗ്രാഹ്യവും പുണ്യപൂർണ്ണവും രഹസ്യസമ്പൂർണ്ണവും പരമ ദിവ്യവുമായ മനുഷ്യാവതാരത്തെ ഞങ്ങൾ സ്തുതിക്കുകയും ഉയർത്തുകയും പുകഴ്ത്തുകയും മഹത്വീകരിക്കുകയും ചെയ്യുന്നു. എന്നേക്കും സർവ്വനാഥനായ ...... ..................

[ലോക വിശ്രുത വേദ വ്യാഖ്യാതാവായ മാർ തിയാദോറോസ് രചിച്ച "തിശ്ബൊഹ്ത്ത ലാലാഹ" എന്ന സ്തുതി മദ്ബ്ഹായിലുള്ളവരും ഹൈക്കലയിലുള്ളവരും വാക്യം പ്രതിവാക്യമായി ചൊല്ലുന്നു.]

## "തിശ്ബൊഹ്ത്താ" സ്തുതി

അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വം. ഭൂമിയിൽ സമാധാനം. മനുഷ്യർക്കു ശുഭപ്രത്യാശ. ദൈവമേ! നിന്നെ ഞങ്ങൾ ആരാധിക്കുന്നു. നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. അനാദി മുതൽ ഉള്ളവനേ. ഗ്രഹിപ്പാൻ കഴിയാത്ത നിഗൂഢഗുണമുള്ളവനേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ. രാജാധിരാജാവേ. കർത്താധികർത്താവേ. മഹത്വപ്രകാശത്തിൽ അധിവസിക്കുന്നവനേ മനുഷ്യരിലാരും തന്നെ ദർശിക്കാത്തവനേ. ആർക്കും കാണ്മാൻ കഴിയാത്തവനേ. പരിശുദ്ധൻ നീ മാത്രമാകുന്നു. ബലവാൻ നീ മാത്രമാകുന്നു. അമർ

ന്യൻ നീ മാത്രമാകുന്നു. ഞങ്ങളുടെ നന്മകളുടെ മദ്ധ്യസ്ഥൻമൂലം ഞങ്ങൾ പ്രാർത്ഥിക്കുന്നു! ഈശോമ്ശിഹായേ! ലോകരക്ഷിതാവേ! അത്യുന്നതൻെറ പുത്രാ! ജീവനുള്ള ദൈവത്തിൻെറ കുഞ്ഞാടേ! ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനേ! ഞങ്ങളോട് കരുണയുണ്ടാകണമേ. പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്നവനേ! ഞങ്ങളുടെ യാചനയെ കേൾക്കണമേ. നീ ഞങ്ങളുടെ കർത്താവാകുന്നു. നീ ഞങ്ങളുടെ രാജാവാകുന്നു. നീ ഞങ്ങളുടെ രക്ഷകനാകുന്നു. നീ ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കുന്നവനാകുന്നു. എല്ലാവരുടേയും കണ്ണ് നിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു. ഈശോമ്ശിഹായേ! നിൻെറ പിതാവായ ദൈവത്തിന്നു സ്തുതി. നിനക്കും പരിശുദ്ധാത്മാവിന്നും എന്നേക്കും മഹത്വം, ആമീൻ.

**തുടർന്ന്:** പരിശുദ്ധനായ ദൈവമേ ......................

സ്വർഗ്ഗത്തിലുള്ളവനായ ....................................

**ഒടുവിലത്തെ സ്തോത്രകൾ–പേജ് 14–16**

**ഹൂത്താമ പേജ്–12**

# ജനന തിരുനാൾ

(**ലിൽയാ** പ്രാൎത്ഥന കഴിച്ചശേഷം പ്രഭാത പ്രാൎത്ഥനയുടെ സ്ലോത്തകൾ ചൊല്ലുന്നു

## പ്രഭാത പ്രാൎത്ഥനാശുശ്രൂഷ

മാർ ഏലിയായുടെ **സ്‌ലോത്താ 1**

അനാദി മുതൽ മറഞ്ഞിരിക്കുന്നവനും അനന്തമായി പിതാവിൽ നിന്നും ജാതനായവനുമായ പുത്രനായുള്ളോവേ! അനാദിമുതൽ മറഞ്ഞിരിക്കുന്നവനും അനന്തമായി പിതാവിൽ നിന്നും ജാതനായവനും തന്നെ ജനിപ്പിച്ചവന്റെ അന്യൂനമായ സ്വരൂപവും ജീവനുള്ള സാദൃശ്യവും ആയവനും ആദ്യന്തമില്ലാതെ തന്റെ പിതാവിന്റെ നിഗൂഢമായ മാർവ്വിടത്തിൽ നിന്നു ജാതനായവനും മാററം കൂടാതെ കന്യകയുടെ ഉദരത്തിൽനിന്നു് ജഡം ധരിച്ചവനും തിരുവിഷ്ടം അനുസരിച്ച് മനുഷ്യ ശരീരികളുടെ കൂട്ടത്തിലേക്ക് ദാസരൂപമെടുത്തു് ഇറങ്ങിവന്നവനും തിരുകാരുണ്യത്താൽ പാപത്തിന്റെ അടിമത്തത്തിൽ നിന്നു് പ്രപഞ്ചത്തെ അഖിലവും രക്ഷിച്ചവനും കെരൂബുകളുടെ പ്രഭാവലയത്തിലുള്ള തിരു നിവാസത്തിന്റെ തേജസ്സിൻ ഉഗ്രതയാൽ എല്ലാററയും കിടുകിടെ വിറപ്പിച്ചവനും തന്റെ അന്യൂനമായ ജീവിത നിഷ്ഠയാൽ ആത്മാവിന്റേയും അഗ്നിയുടേയും ചിറകുകളിന്മേൽ പറന്നു് സ്രാപ്പേന്മാരെ ഭീതിയിൽ മുക്കിയവനും സ്വൎഗ്ഗവും ഭൂമിയും അവയിലുള്ള സൎവ്വസ്വവും തന്നെ കണ്ടു് ഭ്രമിപ്പാൻ കാരണമാക്കിയവനും, തന്റെ അനന്തമായ ദൈവത്വത്തെ സ്വൎഗ്ഗീയരും ഭൌമികരും ഒരുപോലെ ആരാധിക്കുന്നതിനു സംഗതിവരുത്തിയവനും തന്റെ തിരുശേഷിപ്പിനെ ശബ്ദ രഹിതമായ ഗാനങ്ങളാൽ മാലാഖാക്കൂട്ടങ്ങൾ എന്നേക്കും ആഘോഷിക്കുന്നതിനു ഇടവരുത്തിയവനും പാപത്തിന്റെ ശംബളമായ മരണത്തിന്നടിമപ്പെട്ട ഞങ്ങളുടെവൎഗ്ഗത്തിന്റെ രക്ഷക്കു് കാലസംപൂൎണ്ണതയിൽ അയ്ക്കപ്പെട്ടവനും തന്റെ ദൈവത്വം അന്യൂനമായി കാത്തുകൊണ്ടു് എളിയ മനുഷ്യ സ്വഭാവത്തെ സ്വൎഗ്ഗത്തോളം ഉന്നതമാക്കിയവനും തന്റെ ജനനത്താൽ നബീയന്മാരുടെ വചനങ്ങളെ സ്ഥിരീകരിക്കുകയും നിവൎത്തിക്കുകയും ചെയ്തവനും ലോകത്തിലേക്കുള്ള തന്റെ പ്രവേശനത്താൽ പ്രകാശ മാലാഖന്മാരുടെ ലെഗ്യോൻകൂട്ടങ്ങളുടെ ആരാധനക്കു് തന്നെ യോഗ്യനാക്കിയവനും തന്റെ ദൈവത്വത്തിന്റെ തിരുത്രോണോസിനു മുമ്പാകെ ഇടയന്മാരും വിദ്വാന്മാരും വന്നുചേർന്നു് നമസ്കരിക്കുന്നതിനു് സംഗതിവരുത്തിയവനും

ആകുന്നു. അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുകയും യാചിക്കുകയും ക്കുകയും ചെയ്യുന്നു. കർത്താവേ, അങ്ങ് ഭൂമിയിൽ നയിച്ച ശുദ്ധ ജീവിതത്തിന്റെ അതേ ഭാവത്തെയും രൂപത്തെയും അവിടുന്ന് യും ധരിപ്പിക്കേണമെ. അവിടുന്ന് ഇടയന്മാരുടെ മുഖത്തെ പ്രകാരം ശോഭിപ്പിച്ചുവോ അപ്രകാരം തന്നെ സ്വർഗ്ഗീയ പ്രകാശം ഞങ്ങളുടെ മുഖങ്ങളെയും ശോഭിപ്പിക്കേണമേ മാലാഖമാരുടെ ങ്ങൾക്ക് അവിടുന്നു എപ്രകാരം സർവ്വലോകത്തിനും സംഭവിച്ച ത്തിന്റെ ഉജ്ജ്വലത ഉദ്ദീപിപ്പിച്ചുവോ അപ്രകാരം തന്നെ ത്ത ദൈവീകാനന്ദത്തിന്റെ തേജോകിരണങ്ങളെ ഞങ്ങളുടെ ങ്ങളിൽ ജ്വലിപ്പിക്കേണമേ. തിരുജനനത്തിങ്കൽ മാലാഖഗണങ്ങൾ പ്രകാരമാണല്ലൊ ഘോഷിച്ചത്: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സമാധാനം, മനുഷ്യർക്ക് ശുഭ പ്രത്യാശ". അങ്ങയെ സ്വീകരിച്ച ഇടയന്മാരോടുകൂടെ അങ്ങേ പരിശുദ്ധ തൊട്ടിലിനെ ക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ. അങ്ങെ അനന്തമായ വിശുദ്ധീകരിച്ചലങ്കരിച്ച അവിടുത്തെ സ്വർഗ്ഗീയതൊട്ടിലിനെ ധിക്കുന്നതിന്ന് ഞങ്ങളുടെ ചിന്തനങ്ങളേയും ഞങ്ങളുടെ പാദങ്ങളേ വശം നയിച്ച് നടത്തേണമേ. അങ്ങേ ദൈവരാജ്യത്തിന്റെ മഹ ന്ന് അഴിഞ്ഞുപോകാത്ത വഴിപാടുകളും ഞങ്ങളുടെ അധരങ്ങളെ വിവേകസമ്പുഷ്ടമായ ഫലങ്ങളും പേഷ്യാ മക്കളായ വിദ്വാൻ മാരോടൊന്നിച്ച് ഞങ്ങളും അങ്ങേക്ക് അർപ്പിക്കുമാറാകട്ടെ. അങ്ങേ തിരുനാളിനെ ഏറ്റവും ആഘോഷമായി കൊണ്ടാടുവാൻ ഞങ്ങളെ ക്കേണമേ. അങ്ങേ കർതൃത്വത്തിന്നു യോഗ്യമായ മഹ ഞങ്ങൾ അങ്ങയെ സ്തുതിക്കുമാറാകട്ടെ. തിരുശേഷിപ്പിന്റെ ഓറശ്ലേമിന്റെ ആനന്ദത്താൽ ഞങ്ങൾ സന്തോഷിക്കുമാറാകട്ടെ. ന്ന ശത്രുവായ ഹേറോദേസിന്റെ പകയിൽ നിന്നും അസൂയയിൽ അങ്ങയെ എപ്രകാരം രക്ഷിച്ചുവോ അപ്രകാരംതന്നെ ഞങ്ങളേയും ന്റെ ഒളിഞ്ഞിരിക്കുന്ന തന്ത്രങ്ങളിൽ നിന്നു രക്ഷിക്കുകയും വിടു യും ചെയ്യേണമെ. അവിടുന്നു ഞങ്ങളുടെ മേൽ ഒഴുക്കുന്ന ദിവ്യ മൂലം അങ്ങേ ജനനത്തിരുനാളിനെ ഞങ്ങൾ പുകഴ്ത്തിപ്പാടട്ടെ. ക്ക് തിരുഅവതാരം നല്കിയവനെ ഞങ്ങൾ പുകഴ്ത്തിപ്പാടട്ടെ. ഗോപ്യമായ ദൈവത്വത്തെ ഞങ്ങളുടെ അധരങ്ങൾ ചുംബിക്കു കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ അങ്ങയെ പ്രസാദിപ്പിക്കുന്നതാ ക്കുമാറാകട്ടെ. ഉറക്കമിളച്ചുള്ള ഞങ്ങളുടെ പ്രാർത്ഥനയും തിരു ന്ന് പ്രസാദകരമായിരിക്കട്ടെ. ഞങ്ങളുടെ യാചന അങ്ങയെ

നിരപ്പിക്കുന്നതും ഞങ്ങളുടെ അപേക്ഷ അങ്ങേ മഹിമയ്ക്കു ഉതകുന്നതുമായിരിക്കട്ടെ. ഹൃദയം തകർന്നുള്ള ഞങ്ങളുടെ യാചനയാൽ അവിടുന്നു ഞങ്ങളോടു നിരന്നുകൊള്ളേണമേ. അങ്ങേ ജനത്തിന്റെ കടങ്ങളുടെ മോചനത്തിനായി അങ്ങേ ദൈവത്വത്തിന്റെ കനിവും കരുണയും അവിടുന്നു ഒഴുക്കുകയും ആ കരുണയാലും കൃപയാലും അങ്ങേക്കായി അവിടുന്നു തിരഞ്ഞെടുത്തിരിക്കുന്ന ഈ ആട്ടിൻ കൂട്ടത്തിലെ എല്ലാ ആടുകൾക്കും പാപമോചനം സാദ്ധ്യമാക്കുകയും ചെയ്യേണമേ. നന്മവനും മനുഷ്യമക്കൾക്കായി കാരുണ്യം ഒഴുക്കുന്നവനും സർവ്വനാഥനുമായ പിതാവും പുത്രനും റൂഹാദ് കുദ്ശായും ആയുള്ളോവേ!

അമീൻ ബാറെക് മാർ

## മാർ ഏലിയയുടെ സ്ലോത്ത 2

അനാദിയുള്ളവനും എന്നാൽ കാലസമ്പൂർണ്ണതയാൽ ഭൂജാതനായവനുമായ പുത്രാ! അവിടുന്നു ലോകങ്ങൾക്കു മുമ്പ് അനാദിയായി പിതാവിൽനിന്നു ജാതനായവനും കാലസമ്പൂർണ്ണതയിൽ നിത്യ കന്യകയായ മറിയത്തിന്റെ കന്യാത്വത്തിന്റെ പരിശുദ്ധിയെ സംരക്ഷിച്ചുകൊണ്ടു ഭൂമിയിൽ പ്രത്യക്ഷനായവനും ആകുന്നു. അങ്ങേ മഹത്വം ദൈവാലയത്തിലെ വിശുദ്ധ സ്ഥലത്തിൽ ആത്മകണ്ണുകളുടെ പ്രകാശത്തിൽ ഏശയ്യാ പ്രവാചകൻ ദർശിച്ചു. അങ്ങേ നിഗൂഢതയെ അഗ്നിസമാനമായ ഹെസക്കിയേൽ തിരുനിവാസത്തിന്മേൽ കണ്ടു വിവരിച്ചു. അങ്ങേ ഭീകരതയെ പൂർവ്വകാലത്തെന്നപോലെ ആകാശ മേഘങ്ങളിന്മേൽ ദാനിയേൽ ദർശിച്ചു. അങ്ങേ ദൈവത്വം സൌഖ്യത്തിന്റെ പ്രതീകമായ നീതി സൂര്യനായി മാലാഖിപ്രവാചകൻ ദർശിച്ചു വിവരിച്ചു. ഇവരെല്ലാം അങ്ങേ ദൈവത്വത്തിന്റെ വിവിധാംശങ്ങളെ ദീർഘദർശിമാർക്കു ലളിതമായി അവിടുന്നു കാണിച്ചു കൊടുത്ത രീതിയെ പ്രദർശിപ്പിക്കുന്നു. യഥാർത്ഥത്തിൽ അവിടുത്തെ മഹത്വത്തിന്റെ വലിപ്പം സ്രാപ്പേന്മാരും ക്രോബേന്മാരും മററുമായ മാലാഖന്മാരുടെ ഗണങ്ങൾ തങ്ങളുടെ പ്രകാശ മനസ്സുകളാലും ശോഭേന്ദ്രിയങ്ങളാലും ദർശിച്ചു വിറകൊള്ളുന്നു. അങ്ങേ കർതൃത്വാധികാരത്തിന്റെ ഗോപ്യമായ ത്രോണോസ് എത്രയെത്ര വിലതീരാത്ത ദിവ്യ വസ്തുക്കളാൽ അലംകൃതമാണ്. നബിയന്മാരുടെ ദർശനം വഴിയായി ഗൂഢാർത്ഥത്തിൽ ദൃഷ്ടാന്തം കാണിച്ചു അങ്ങയുടെ മഹത്വം അവരെക്കൊണ്ടു അവിടുന്നു വരപ്പിച്ചു. ശ്ലീഹന്മാർ തങ്ങളുടെ കണ്ണുകളാൽ അങ്ങേ കനൂമകളെ ദർശിച്ചു ജഢപ്രകാരം അവയെ വിശദീകരിച്ചു. സൃഷ്ടിക്കപ്പെട്ട സർവ്വലോകത്തിനും ധൈര്യപൂർവ്വം അവിടുത്തെ ദൂതു പ്രസംഗിക്കുന്ന

...ിന്നു" അവിടുന്നു അവരെ നിയോഗിച്ചു അങ്ങേ ദൈവത്വത്തെയും മനുഷ്യ ത്വത്തെയും പററിയുള്ള സത്യത്തെ വെളിപ്പെടുത്തുവാൻ മല്പാന്മാരെ അവിടുന്ന് സഹായിച്ചു; തിരുകൃപക്ക് വിധേയരാക്കി പ്രത്യേകം അങ്ങ് അവരെ തിരെഞ്ഞെടുത്തു നിശ്ചയിച്ചു; അങ്ങേ ശക്തിയെ അവരിൽ ആവസിപ്പിച്ച് അവിടുന്ന് അവരെ വിശുദ്ധീകരിച്ചു അവിടുത്തെ മനുഷ്യജനനത്തിനായി വിശുദ്ധകന്യക മറിയത്തെ മനോഹര കന്യാത്വം ധരിപ്പിച്ചു അവളിൽ അവിടുന്നു ആവസിച്ചു പുത്രൻ ജനിക്കുന്ന തിനുള്ള കന്യാമാതാവായി തിരഞ്ഞെടുത്ത് അവളെ അങ്ങേ മഹത്വം നിറഞ്ഞു വസിക്കുന്നതിനുള്ള ജഡതിരുനിവാസ കേന്ദ്രമാക്കി. തിരു വിഷ്ടപ്രസാദം നിഴലിക്കുന്നതിനുള്ള പ്രകാശത്തിൻെറ മേഘമാക്കി അവളെ ചമച്ചു അവൾ പരിശുദ്ധിയും നിർമ്മലതയും ഒഴുകുന്ന ഒരു നീരൊഴുക്കായ് തീർന്നു മുദ്രിതമായ അവളുടെ കന്യാത്വം വിശുദ്ധിയുടെ പര്യായമായി പരിണമിച്ചു അവൾ പ്രകാശത്തിൻെറ ആലയമായി; ദിവ്യ നന്മയുടെ കേദാരമായി; ദൈവത്വത്തിൻെറ അഗ്നിയെ വഹിക്കുന്ന ...ർത്യധൂപകലശമായി; തിരുവിഷ്ടപ്രസാദം നിറഞ്ഞ ജഡകേന്ദ്രമായി; പരിശുദ്ധ കാതോലിക്കി സഭയുടെ നേരായ മഹത്വത്തിൻെറ സത്യ ...റിപ്പാകുന്ന പ്രകാശമകുടമായി അവൾ ശോഭിച്ചു (ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, ഞങ്ങളിൽ നിന്നു ശിക്ഷയുടെ വടിയെ അകററുകയും ഇല്ലാതാക്കുകയും ചെയ്യേണമെ ഞങ്ങൾക്ക് സുസ്ഥിരവും സ്ഥായിയായതുമായ സമാധാനം നല്കേണമെ. അററു പോകാത്ത സുദീർഘമായ ശാന്തി ഞങ്ങൾക്ക് ഉണ്ടാകണമേ. പുഷ്ടി നിറഞ്ഞ കാലങ്ങളും പരിശുദ്ധ ജീവിതവും നല്കി അവിടുന്ന് ഞങ്ങളെ അനുഗ്രഹിക്കേണമെ.) തിരു കൃപാവർഷത്താൽ അങ്ങേ ആട്ടിൻ കൂട്ടത്തെയും അങ്ങേ ജനത്തേയും പോഷിപ്പിക്കേണമേ. അങ്ങേ വലങ്കയ് നീട്ടി സഹായിച്ച് ദൈവരാജ്യപാതയിലൂടെ ഞങ്ങളെ നയിക്കേണമേ. അങ്ങേ പരിശുദ്ധ മേഘങ്ങൾ തിരുവിഷ്ട പ്രകാരമുള്ള വർഷത്തെ ഞങ്ങളുടെ മേൽ ചൊരിയുമാറാകണേ. വിശ്വാസികളായ ഞങ്ങളുടെ ശിരസ്സുകളിൽ പ്രകാശത്തിൻെറ കെരൂബുകളോടൊന്നിച്ച്. ഞങ്ങൾ അങ്ങേക്ക് മഹത്വവും മഹിമയും സ്തോത്രവും ആരാധനയും അർപ്പിക്കുമാറാകണെ. തിരുകൃപയാൽ പ്രകാശത്തെ സൃഷ്ടിച്ചവനും ദിവ്യകാരുണ്യ ത്താൽ ഇരുളിനെ നിയന്ത്രിക്കുന്നവനും ദൈവിക ജ്ഞാനത്താലും ജഡികർക്കും ആത്മീയർക്കും ഒരു പോലെ ദുർഗ്രാഹ്യമായ ദൈവ സർവ്വ ജ്ഞതയാലും സൃഷ്ടിയെ പ്രശോഭിപ്പിക്കുന്നവനും അവിടുന്നു മാത്രമാകുന്നു. (എന്നേക്കും സർവ്വനാഥനായ ........... ...... . ........ .......

# പ്രഭാത നമസ്കാരം

## ( പേജ് 29_36 കാണുക )

**"ബോറിക് ക്യൃൽഹോൻ"** എന്ന സ്തുതി കഴിഞ്ഞ് പ്രധാ
കാർമ്മികനുംമററും മദ്ബ്ഹായിലേക്ക് പ്രവേശിക്കുന്നു. അനന്തരം **"തീശ്**
**ബൊഹ്ത്ത ലാലാഹ"** യുടെ സ്ലോത്ത ചൊല്ലുന്നു: പേജ് 36

തുടന്ന് **"തിശ്ബൊഹ്ത്താ"** സ്തുതി: പേജ് 36
അത് കഴിഞ്ഞതിന്നു ശേഷം താഴെ കുറിക്കുന്ന തിശ്ബൊഹ്ത്താ:

1 തിരുനക്ഷത്രം ആകാശത്തിൽ വെളിപ്പെട്ട് ഭൂമിയിലെ വിദ്വ
ന്മാക്ക് രാജാവായ മ്ശീഹ ഭൂജാതനായതു കണക്കാക്കുന്നതിന്നു വഴ
കാട്ടിയായി. നാമും അവരോടൊത്ത് അവനെ കുമ്പിട്ട് ആരാധിക്കുക

2 ദാനിയേൽ ദശിച്ചതായ കല്ല് കൈകളാൽ അല്ലാതെ ചെത്തി
വെടിപ്പാക്കപ്പെട്ടതായിരുന്നു. 'ആയതു' മ്ശീഹായുടെ ജനന ദൃഷ്ടാന്ത
മാണ്. പുരുഷനാൽ അല്ലാത്ത കന്യാഗർഭത്തെ ആയതു കുറിക്കുന്നു.

3 ഉന്നതത്തേയും ആഴത്തേയും ആരാധ്യനും സ്തുത്യനുമായ തന്റെ
പുത്രനാൽ നിരപ്പിച്ചവനായുള്ളോവെ, കർത്താവെ, പുരോഹിതന്മാരേയും
രാജാക്കന്മാരെയും തമ്മിൽ അവിടുന്ന് നിരപ്പിക്കേണമേ. തിരുസഭയെ
അന്റേ കരുണയാൽ നിലനിർത്തുകയും ചെയ്യേണമേ.

**അനന്തരം _ "പരിശുദ്ധനായ ദൈവമെ..............."**

**"സ്വർഗ്ഗത്തിലുള്ളവനായ ........................................................."**

**ഒടുവിലത്തെ സ്ലോത്തകാം പേജ് 14_16**

**ഹൂത്താമ പേജ് 12**

**വിശ്വാസപ്രമാണം**

**തുടന്ന് തീജ്വാല കത്തിക്കുന്ന ശുശ്രൂഷ നടത്തി വി.**
**കുർബാന ആരംഭിക്കുന്നു.**

തീജ്വാല കത്തിക്കുന്ന ശുശ്രൂഷയുടെ ഗീതങ്ങൾ വി. കുർബ്ബാനാമിത്രം പേജ്
163—167

വി. കുർബ്ബാനക്കുള്ള കർയാന, ശ്ലീഹ, ഏവൻഗാലിയോൻ, തുർഗ്ഗാമ, ഒഹ്ലത്ത്, ഒ്വീം എന്നിവ വി. കുർബ്ബാനാക്രമം പേജ് 43_47

### കൻകി കീർത്തനം: രീതി "തുവാ ല്‌യല്ലദി"

പൂർവ്വകാലത്തുതന്നെ നീ നിനക്കായി ഒരു ശിശുവിനു് ജന്മം നല്കി, അവന്റെ നാമം സൂര്യനു് മുമ്പ നിലനില്ക്കുന്നുണ്ടായിരുന്നു. ×

സർവ്വവും സൃഷ്ടിച്ച ദൈവത്തിൽ ലോകങ്ങൾക്കു മുമ്പേ മറഞ്ഞിരുന്നവനായിരുന്നു അവൻ ×

ആദിയില്ലാ കാലം: സ്വർഗ്ഗത്തിൽ ശോഭ്യൻ പുത്രൻ:
മർത്യക്കുമമർത്യക്കും:
ഭുവിൽ ജാതനായ്: മാലാഖമാർ സഹ്‌വാത്ത്:
ഘോഷിച്ചിന്നിടയർക്കു:
അത്യുന്നതത്തിൽ: ദൈവത്തിനു മഹത്വം:
മർത്യർക്കു സമാധാനം.

(ആവർത്തിക്കുക)

ബാവാവാഴ്ത്തും .................... . ............. ×

പുത്രൻ ജനനം: ഭൂസ്വർഗ്ഗങ്ങളെ ചേർത്തു:
വിശുദ്ധ സഭയാക്കി:
മാലാഖമാരും: മനുഷ്യരും ഇന്നിതാ:
ആനന്ദത്തിൽ പാടുന്നു:
അത്യുന്നതത്തിൽ: ദൈവത്തിനു മഹത്വം:
മർത്യർക്കു സമാധാനം

### റാസി കീർത്തനം: രീതി "തുവാല്‌യല്ലദി"

ഭൂമിയും അതിലെ എല്ലാ നിവാസികളുമേ, കർത്താവിനു് പുതിയ പാട്ടു പാടുവിൻ, ഭൂമിക്കഖിലവും ഇതാ മഹാസന്തോഷം, കർത്താവിന്റെ മഹത്വം എല്ലാവരുടെയും മേൽ ഇതാ പ്രകാശിതമായിരിക്കുന്നു ×

മ്ശീഹ ജനനം: ആനന്ദത്തിൻ ഓളങ്ങൾ:

ഭുവിലെങ്ങും സൃഷ്ടിച്ചു:

ഗാനത്തിൻ ഘോഷം: മാലാഖന്മാർ മുഴക്കി:

മർത്യരും ഏറ്റുപാടി:

അത്യുന്നതത്തിൽ: ദൈവത്തിന്നുമഹത്വം:

മർത്യർക്കു സമാധാനം. (ആവർത്തിക്കുക)

വി. കുർബ്ബാനയുടെ എല്ലാഭാഗങ്ങളും അനുഷ്ഠിച്ച് കർത്താവിന്നടുത്ത പെരുന്നാളിന്റെ **ഹൂത്താമ്മ** കൊടുത്ത് അവസാനിപ്പിക്കുന്നു.

# പെന്തക്കോസ്തു പെരുന്നാൾ

കാനോനിക പ്രാർത്ഥനകൾ കഴിഞ്ഞ് വി. കുർബ്ബാന ആരംഭിക്കുന്നു. കിർയാന, ശ്ലീഹാ, ഈവൻഗാലിയോൻ, തുർഗ്ഗാമ, ദ്ഹീലത്ത്, ദ്‌വീം എന്നിവ വി. കുർബ്ബാനാമിത്രം പേജ് 128 - 134

**ഏൻകി കീർത്തനം** രീതി "മിൻ ബീത് ഗ്യസ്സാക"

നാം കൂടി വന്ന് യഹോവക്ക് സ്തുതി പാടുക ×

രാജാവായ കർത്താവിൻ സന്നിധിയിൽ കാഹള ഘോഷങ്ങളുടെ അകമ്പടിയോടെ നമുക്ക് പാട്ടു പാടാം ×

പരിശുദ്ധാത്മ ശക്തി: ഇറങ്ങി വെളിവാക്കി:
തിരു ത്രീത്വ രഹസ്യം: ബുദ്ധിക്കെത്താ രഹസ്യം:
ബാവാ പുത്രൻ റൂഹ്കുദ്ശ: വിശുദ്ധ ത്രീത്വം ഏകം:
ശക്തി അധികാരത്തിൽ: തുല്യരവരെ വാഴ്ത്തീൻ.
(ആവർത്തിക്കുക).

ബാവാസ്സം ............................................................ ×

ഈ വിശുദ്ധാലയത്തിൽ: റൂഹ്കുദ്ശായിൻ ദിനത്തിൽ:
നബീയരും ശ്ലീഹന്മാരും: സഹ്ദേന്മാർ പിതാക്കളും:
നാമൊത്തു കൂടിച്ചേർന്ന്: വിശുദ്ധ കുർബ്ബാനയിൽ:
പരം ചേർന്ന് പാടുന്നു: ദൈവാത്മ മഹത്വത്തെ.

**ഓനീസി കീർത്തനം**— രീതി "മിൻ ബീത് ഗ്യസ്സാക"

കർത്താവിനെ തന്റെ വിശുദ്ധ സ്ഥലത്തിൽ സ്തുതിപ്പിൻ; അവന്റെ പരിശുദ്ധ നാമത്തെ എന്നുമെന്നേക്കും സ്തുതിച്ചു പാടുവിൻ; വന്നു നിങ്ങൾ കർത്താവിന്നു മഹത്വഗാനം ആലപിക്കുവിൻ ×
ദൈവത്തിൻ മഹത്തായ ശക്തിയെപ്രതി ദൈവാലയത്തിൽ നാം എല്ലായ്പ്പോഴും മഹത്വഗാനങ്ങൾ പാടുക ×

ബാവാ പുത്രൻ റൂഹ്കുദ്ശ: തിരു ത്രിത്വ രഹസ്യം:

മർത്യ ബുദ്ധിക്കതീതം: വിശ്വാസിക്കെന്നും ശക്തി:

ത്രീത്വൈക ദൈവശക്തി: നമ്മെ ഭരിച്ചീടട്ടെ:

സ്തുതി സ്തോത്ര ഗാനത്താൽ: നമുക്കു വാഴ്ത്തിപ്പാടാം.

(ആവർത്തിക്കുക

"ശബ്ഹ് ലാലാഹാ ഹശ്ശ" പറയുന്നതിനു് മുമ്പ് തിരശ്ശീല വലിച്ച് "പെന്തക്കോസ്തിന്റെ ആരാധനാ ശുശ്രൂഷ" നടത്തുന്നു.

# പെന്തക്കോസ്തിൻ ആരാധന

**സ്ലോത്താ—** മഹത്വപ്പെട്ട ത്രിത്വത്തിന്റെ സ്തുത്യവും ആരാധ്യവുമായ തിരുനാമം സ്വർഗ്ഗത്തിലും ഭൂമിയിലും വാഴ്ത്തപ്പെട്ടുകയും ബഹുമാനിക്കപ്പെട്ടുകയും സ്തുതിക്കപ്പെട്ടുകയും പുകഴ്ത്തപ്പെട്ടുകയും വന്ദിക്കപ്പെട്ടുകയും ചെയ്യുമാറാകട്ടെ. എന്നേക്കും സർവ്വ നാഥനായ .. ....................

സങ്കീ. 66; തുടന്ന് 86—വാക്യം പ്രതിവാക്യമായി ചൊല്ലുന്നു. ഓരോ സങ്കീർത്തന വാക്യത്തോടു കൂടെയും ചൊല്ലേണ്ടുന്ന പ്രത്യുത്തര വാക്യം.

"ആശ്വാസപ്രദനാകുന്ന പരിശുദ്ധാത്മാവ് ഇന്നേ ദിവസം ശ്ലീഹന്മാരുമേൽ ഇറങ്ങി, ആകയാൽ രാജാവായ മ്ശിഹായെ നാം പുകഴ്ത്തുകയും സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുക"

(മദ്ഹായിലുള്ളവർ സങ്കീ. വാക്യവും പ്രത്യുത്തര വാക്യവും വായിച്ച് മുട്ടുകുത്തി, ഹൈക്ക്ലായിലുള്ളവർ സങ്കീർത്തന വാക്യവും പ്രത്യുത്തര വാക്യവും ചൊല്ലിക്കഴിയുന്നതു വരെ ആരാധന നടത്തി മുട്ടിന്മേൽ നില്ക്കുന്നു. അപ്രകാരം തന്നെ മദ്ഹായിലുള്ളവർ സങ്കീർത്തന വാക്യവും പ്രത്യുത്തര വാക്യവും ചൊല്ലിക്കഴിയുന്നതു വരെ ഹൈക്ക്ലായിലുള്ളവർ ആരാധന നടത്തി മുട്ടുകുത്തി നില്ക്കുന്നു.)

സങ്കീർത്തന വായന മുഴുവൻ കഴിയുമ്പോൾ ശമ്മാശൻ: നാം പ്രാർത്ഥിക്കുക; നമ്മോടുകൂടെ സമാധാനം:

ശമ്മാ: നാമെല്ലാരും മുട്ടുകുത്തുക; ദൈവത്തിന്റെ ശക്തിയാൽ നാം എഴുന്നേററു നില്ക്കുക

സ°ലോത്ത— മഹത്വപ്പെട്ട അങ്ങേ ത്രീത്വത്തിന്ന നവമായി സ്തുതിയും പുകഴ്ചയും ഉപകാരസ്മരണയും ആരാധനയും അപ്പിക്കുവാൻ ഞങ്ങൾ എപ്പോഴും കടക്കാരാകുന്നു. എന്നേക്കും സവ്വനാഥനായ.......................

## സങ്കീത്തനം:—96, 97, 98

പ്രതുത്തരവാക്യം: "തൻെറ പുത്രൻ മുഖാന്തരം നമ്മേ രക്ഷിക്കുകയും ആഴത്തെ ഉന്നതത്തോടു നിരപ്പിക്കുകയും ചെയ്ത അന്ത്യകാലത്തെ ഈ സംഭവത്തെ പ്രതി, ദൈവമേ, ഞങ്ങൾ അങ്ങയെ വീണ്ടും വീണ്ടും വാഴ്ത്തിപ്പുകഴ്ത്തുന്നു."

അവസാനത്തിൽ— നാമെല്ലാവരും മുട്ടുകുത്തുക; ദൈവത്തിൻെറ ശക്തിയാൽ നാം എഴുന്നേററു നില്ക്കുക.

സ്ലോത്ത: ക്രോബേന്മാരാൽ ആവരണം ചെയ്യപ്പെട്ട കൃപാസനത്തിൽ ഇരിക്കുന്നവനും മാലാഖന്മാരുടെ വൻ നിരകളാൽ ആഘോഷിക്കപ്പെട്ടുന്നവനും തൻെറ ദിവ്യ വെളിപാടിനാൽ ഭൂമിയെ വിറപ്പിക്കുന്നവനും തൻെറ ദിവ്യ കല്പനയാൽ ലോകത്തെ ഭയപ്പെടുത്തുന്നവനും ആയവനെ അങ്ങയെ ഞങ്ങൾ പുകഴ്ത്തുവാനും സ്തുതിക്കുവാനും ആരാധിക്കുവാനും കടക്കാരാകുന്നു. എന്നേക്കും സവ്വനാഥനായ......................

## സങ്കീ. 99

പ്രതുത്തരവാക്യം: പിതാവിന്നും പുത്രനും പരിശുദ്ധാത്മാവിന്നും സത്യമായും ആരാധന യോഗ്യമാകുന്നു; ശ്ലീഹന്മാരുടെ മേൽ ഇറങ്ങി ആവസിച്ച ആശ്വാസപ്രദനായ പരിശുദ്ധാത്മാവു° ആരാധ്യനാകുന്നു.

അവസാനത്തിൽ ശമ്മാശൻ: നമ്മോടു കൂടെ സമാധാനം

സ്ലോത്ത സഹായങ്ങളുടെ ശ്രീഭണ്ഡാരമേ, സവ്വ നന്മകളുടെയും ഉറവിടമേ, തിരുകൃപാ കാരുണ്യത്തിൻെറ കവിഞ്ഞൊഴുകുന്ന സമുദ്രമേ, രക്ഷയുടേയും വിമോചനത്തിൻേറയും അത്യഗാധമേ, കത്താവെ, ഞങ്ങളിലേക്കു° തിരിഞ്ഞു° അങ്ങേ പതിവു പ്രകാരം ഞങ്ങളോടു കനിവുള്ളായി തിരുകൃപാകടാക്ഷം ഒഴുക്കേണമെ എന്നു° ഞങ്ങൾ അങ്ങയോടു° പ്രാത്ഥിക്കുന്നു. എന്നേക്കും സവ്വനാഥനായ..............................

ഓൻയാത്തകൾ പാടി കാനോന ചൊല്ലി കഴിഞ്ഞു° തിശ്°ബോഹ°ത്ത തുടരുന്നു,

## തിശ്ബ്ഹ്ത്താ

അങ്ങേ അടുക്കലേക്ക് അനുതപിച്ച് വരുന്ന എല്ലാവർക്കും വാതിൽ തുറന്നു വെച്ചിരിക്കുന്ന ഞങ്ങളുടെ രക്ഷകനായ മ്ശീഹായേ, അങ്ങയെ ഞങ്ങൾ പുകഴ്ത്തുകയും ആരാധിക്കുകയും ചെയ്യുന്നു.

അവിടുത്തെ നോക്കി നിലവിളിക്കുന്ന എല്ലാവർക്കും ഉത്തരമരുളുന്ന മ്ശീഹായേ, അങ്ങ ദയാദാക്ഷിണ്യത്തിൽ അവിടുത്തെ ആരാധകരുടെ യാചനയെ തള്ളിക്കളയരുതെ.

**ക്യാറോസൂത്ത** (കശ്കറിലെ അപ്പിസ്കോപ്പയായ മാർ സെവറീശോ രചിച്ചതു്)

നാമെല്ലാവരും ആനന്ദത്തോടും സന്തോഷത്തോടും കൂടെ എഴുന്നേററു നിന്നുകൊണ്ട് കർത്താവെ ഞങ്ങളോടു കരുണയുണ്ടാകേണമെ എന്നു പറഞ്ഞു അപേക്ഷിക്കുക.

അനന്തമായ് പ്രകാശത്താൽ മൂടപ്പെട്ടവനും ദിവ്യ ജ്ഞാനദൃഷ്ടിയാൽ ഭൂജാതനായവനും ശരീരികളാലും അശരീരികളാലും ആരാധിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനുമായ രാജാവേ, ഞങ്ങൾ നിന്നോടു യാചിക്കുന്നു.

തന്റെ വി. രഹസ്യങ്ങളാലും സനാതന സ്വഭാവത്താലും ഗോപ്യനായവനും സ്വർഗ്ഗത്തിൽ തന്റെ ദൈവത്വത്തിൽ മറഞ്ഞിരിക്കുന്നവനും ആയവനെ അവിടുന്നു് സ്വർഗ്ഗീയരാലും ഭൗമികരാലും ആരാധിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നവനും തന്നെ നമസ്കരിക്കുന്നവരുടെ ആരാധന തന്റെ പ്രകൃതിക്ക് ആവശ്യമില്ലാത്തവനും എന്നാൽ അവരോടു തന്നെ ആരാധിപ്പാൻ കല്പിച്ചവനും അവരുടെമേൽ കരുണാകടാക്ഷം ഒഴുക്കുന്നവനുമായ ആരാധ്യനേ, ഞങ്ങൾ നിന്നോടു യാചിക്കുന്നു.

ഞങ്ങളുടെ ആരാധനയാൽ മർത്യ സ്വഭാവത്തിന്റെ ബലഹീനാവസ്ഥയെ ഉയർത്തിയവനും തന്നെ പാടി പുകഴ്ത്തുന്നവരുടെ എല്ലാ പുകഴ്ചകളേക്കാളും അത്യുന്നത പുകഴ്ച്ചയുമായുള്ളോവേ, ഞങ്ങൾ നിന്നോടു യാചിക്കുന്നു.

സൃഷ്ടിതായരവക്ക് മനസ്സിലാക്കുവാൻ കഴിയുന്നതിനേക്കാൾ അനന്തമായി ഉന്നതനും അവരുടെ വിശ്വാസ സത്യം മൂലം തന്നെ ഗ്രഹിക്കാവുന്ന ശക്തി നല്കുന്നവനും അപ്രകാരം ഗ്രഹിക്കുന്നവരാൽ ആരാധിക്കപ്പെടുന്നവനുമായ ദൈവമേ, ഞങ്ങൾ നിന്നോട് യാചിക്കുന്നു.

തൻെറ ശുദ്ധ പരിശുദ്ധിയെ സംരക്ഷിച്ചുകൊണ്ട് ബലഹീനരായ മർത്ത്യരോട് നിരന്നവനും അവരുടെ അപൂർണ്ണ അറിവിൽ നിന്നുള്ള ആരാധനയെ സ്വീകരിക്കുന്നവനും സനാതനമായ് സ്വർഗ്ഗീയരാൽ ആരാധ്യനായവനെ, ഞങ്ങൾ നിന്നോട് യാചിക്കുന്നു.

ആക്കും ഗ്രഹിപ്പാൻ സാദ്ധ്യമല്ലാത്തവനും എല്ലാവരിലും കുടികൊള്ളുന്നവനും എല്ലാവക്കും സൃഷ്ടിയുടെ ബാഹ്യരൂപത്തിൽ സ്വയമേവ ജ്ഞാനം നല്കുന്നവനും എല്ലാവരാലും വാഴ്ത്തപ്പെടുകയും എല്ലാവക്കും വേണ്ടി വാഴ്ത്തപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്നവനുമായ സൃഷ്ടികർത്താവായുള്ളോവേ ഞങ്ങൾ നിന്നോട് യാചിക്കുന്നു.

പരിശുദ്ധ നബീയന്മാരുടെ സ്തുതി സ്തോത്രങ്ങളാൽ അനുരഞ്ജനം സാധിപ്പിച്ചവനും അവരുടെ ആരാധനകളാൽ സ്വയം താഴ്ത്തിയവനും ജാതികളെ വിഗ്രഹാരാധനയിൽ നിന്നു് ദൈവാരാധനയിലേക്ക് തിരിച്ചുവരുത്തുവാൻ അവരെ സഹായിച്ചവനുമായ കർത്താവേ, ഞങ്ങൾ നിന്നോട് യാചിക്കുന്നു.

പരിശുദ്ധാത്മാവിൻെറ അഗ്നിനാവുകളാൽ തൻെറ ശ്ലീഹന്മാരെ നിറച്ചവനും അവക്ക് ഭാഷാവരം നല്കി അവരെക്കൊണ്ട് പ്രസംഗിപ്പിച്ചവനും സത്യ ദൈവാരാധനയിലേക്ക് സർവ്വ ജാതികളെയും തിരിച്ചുവരുന്നതിന്നു് സഹായിച്ചവനുമായ അത്യുന്നതനായുള്ളോവേ, ഞങ്ങൾ നിന്നോട് യാചിക്കുന്നു.

ഭൂമിയിലും സ്വർഗ്ഗത്തിലുമുള്ള സർവ്വരുടേയും പിതാവെന്നു് അവകാശപ്പെടുന്ന അങ്ങെയുടെ സത്യാരാധനയും അങ്ങേ പുതിയ വിശ്വാസതത്വങ്ങളും ഞങ്ങളെ പഠിപ്പിച്ചവരായ ഞങ്ങളുടെ പരി. പിതാക്കന്മാരാൻ മാർ (ഇന്ന...............) കാതോലിക്ക പാത്രിയക്കീസ്സിന്നും മാർ (ഇന്ന...............) ക്കും അപ്പിസ്കോപ്പ മെത്രാപ്പോലീത്തക്കും വേണ്ടി ഞങ്ങൾ നിന്നോട് യാചിക്കുന്നു.

സർവ്വത്തും ദയയോടെ പരിപാലിക്കുന്ന കൃപാലുവായ ദൈവമേ ഞങ്ങൾ നിന്നോട് യാചിക്കുന്നു.

✓സ്വർഗ്ഗത്തിൽ സ്തുതിക്കപ്പെടുന്നവനും ഭൂമിയിൽ ആരാധിക്കപ്പെടുന്നവനുമായവനേ, ഞങ്ങൾ നിന്നോടു യാചിക്കുന്നു.

✓അങ്ങേ കർതൃത്വത്തിന്നു സത്യ ആരാധന അർപ്പിക്കുന്നതിന്നു് അങ്ങു തിരഞ്ഞെടുത്ത ഈ ജനത്തെ കർത്താവേ, അങ്ങു് രക്ഷിക്കുകയും വിടുവിക്കുകയും സഹായിക്കുകയും സമാശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുകയും അങ്ങേ കൃപാവർഷത്തെ ഈ നിന്റെ ആരാധകരുടെ മേൽ ഒഴുക്കുകയും അവർ തിരുവിഷ്ടം നിവർത്തിക്കുന്ന സത്യ ആരാധകരും അങ്ങേ കർതൃത്വത്തിന്നു സ്തോത്രയാഗങ്ങൾ അർപ്പിക്കുന്നവരും ആകുവാൻ യോഗ്യരാക്കുകയും ഞങ്ങളോടു കരുണയുണ്ടാകുകയും ചെയ്യുമാറാകേണമെ.

## മാർ ഏലിയ കാതോലിക്കയുടെ സ്ലോത്ത (!)

അത്യുന്നതനും സ്തുതിക്കപ്പെടുന്നവനുമായവനേ, (ആവർത്തിക്കുക) അത്യുത്തമമായ മനോഹാരിതയാലും പരിശുദ്ധന്മാരുടെ ദിവ്യശോഭയാലും മകുടം ചാർത്തി നില്ക്കുന്ന ത്രോണോസിന്മേൽ ഇരിക്കുന്നവനേ, മാറാവാത്ത, മോതവി, സ്രാപ്പി മുതലായ മാലാഖാഗണങ്ങളുടെ ആനന്ദ പ്രഭയാൽ പൂരിതനായവനേ, തന്റെ മുഖ തേജസ്സിനാൽ മാലാഖന്മാരുടെ ഗണങ്ങളെയും റബ്ബെ മാലാഖന്മാരുടെ നിരകളെയും പ്രകാശധോരണിയാൽ മുക്കുന്നവനേ, ദൈവമേ, മർത്യരോ അമർത്യരോ ആയ ആർക്കും തങ്ങളുടെ ചിന്തനങ്ങളാലൊ വിവേക വ്യായാമങ്ങളാലോ അങ്ങെയുടെ അനന്തമായ അസ്തിത്വത്തെ മനസ്സിലാക്കാൻ കഴിയാത്തവരാകുന്നു. അവിടുന്നു് ജഡം ധരിച്ചിറങ്ങിയ ഭൂമിയിൽ അങ്ങു് അത്യുന്നതനും മഹോന്നതനുമാകുന്നു. അങ്ങു് സീമയില്ലാത്തത്ര വിസ്തരസ്ഥനാകുന്നു. കാലങ്ങളുടെ അതിരുകളെ അതിലംഘിച്ചാണു് അവിടുന്നു സ്ഥിതി ചെയ്യുന്നതു്. എന്നാൽ അങ്ങേ മനുഷ്യാവതാരത്തിൽ അവിടുന്നു് ലോക മക്കളോടൊത്തു വാസം ചെയ്തു് അവർക്കു് ശ്രേനം നല്കി. അവിടുത്തെ സനാതനത്വം അനുഭവിക്കുന്ന അളവോളം മർത്യരൊത്തു് അങ്ങു് ഇടപഴകി കഴിയുന്നവനുമാകുന്നു. ശരീരികളുടെയും അശരീരികളുടെയും വിവേചന മാർഗ്ഗത്താൽ ദൈവം മനുഷ്യനായി അവതരിച്ചു് ലോകമദ്ധ്യ വാസം ചെയ്തു. വി. കർബ്ബാനകളാൽ അങ്ങേ കർതൃത്വത്തെ പ്രസാദിപ്പിക്കുന്നതിന്നു നരകുലത്തെ അവിടുന്നനുവദിച്ചു മനുഷ്യമക്കളായ ഞങ്ങൾ ജഡത്തിൽ ഞങ്ങളെത്തന്നെ അർപ്പിക്കുന്നതിന്നും ശരീരാരാധനകൾ സമർപ്പിക്കുന്നതിന്നും അങ്ങു് ഞങ്ങളെ ഒരിപ്പിച്ചു ശാരീരിക ആരാധനകളെക്കൊണ്ടും സത്യത്തിലും ആത്മാവിലുമുള്ള

നമസ്കാരങ്ങളെക്കൊണ്ടും ഞങ്ങൾ ഇതാ അങ്ങയോട് കേണപേക്ഷിക്കുന്നു. അങ്ങേ മനുഷ്യത്വ സ്നേഹത്തിന്റെ നന്മയാൽ ഞങ്ങളുടെ അപേക്ഷകളെ സ്വീകരിക്കേണമെ. അങ്ങേ കൃപാ കാരുണ്യത്താൽ ഞങ്ങളോട് നിരന്നു്കൊള്ളണമേ ഹൃദയ പൂർവ്വം ഞങ്ങൾ അർപ്പിക്കുന്ന പ്രാർത്ഥനാ ഭാഷയാകുന്ന ഞങ്ങളുടെ കണ്ണുനീർത്തുള്ളികളെയും ആരാധനകളെയും യാചനകളെയും അവിടുന്നു് എല്ലാപ്പോഴും ശ്രദ്ധിക്കേണമേ. എന്നേക്കും സർവ്വനാഥനായ–

## സ്ലോത്ത 2 –

സനാതനനും സ്വയംഭൂവുമായ ദൈവമേ, ഞങ്ങളുടെ ജഡസ്വഭാവത്തെ ദൂരെയാക്കേണമെ, മണ്ണാകുന്ന ഞങ്ങളുടെ ജാതിപ്രകൃതിയുടെ ശരീരബലഹീനതയെ ന്യായപ്രമാണത്താൽ അങ്ങ് വെളിവാക്കി. എല്ലാ തലമുറകളിലും അങ്ങേ ന്യായപ്രമാണം മൂലം പാപത്തിനു് അധീനമായ ഞങ്ങളുടെ ശരീരത്തിന്റെ ദുഃസ്ഥിതി ദൃഷ്ടാന്ത സഹിതം അവിടുന്നു് കാണിച്ചു തന്നു. അങ്ങേ സ്നേഹവും അളവില്ലാത്ത വാത്സല്യവുമാണു് സ്വർഗ്ഗവുമായി ഞങ്ങളെ ബന്ധിപ്പിച്ചതു്. നാനാവിധത്തിലുള്ള യാഗങ്ങൾ മൂലം അങ്ങ് ഞങ്ങളെ അങ്ങേക്കായി മുദ്ര വെച്ചു. സ്തുതി ഘോഷ ഭാഷയാൽ അങ്ങയിലുള്ള ഞങ്ങളുടെ വിശ്വാസത്തിന്റെ ഫലങ്ങളെ ഞങ്ങൾ വെളിവാക്കി. ഞങ്ങളുടെ ദിവ്യ ചിന്തനങ്ങളാലും സത്യാരാധനകളാലും ഞങ്ങളിലെ മർത്ത്യ നകത്തിന്റെ അടിമത്വത്തെ ഞങ്ങൾ ഇതാ ദൂരെ എറിഞ്ഞിരിക്കുന്നു. ഞങ്ങൾ ഹൃദയ ദുഃഖത്തോടും സത്യനമസ്കാരങ്ങളാലും അങ്ങയോടു നിലവിളിക്കുകയും പ്രാർത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു. സ്തുതിക്കപ്പെട്ട അങ്ങേ ത്രോണോസിൻ മുമ്പാകെ ഞങ്ങൾ ഇതാ ദണ്ഡനമസ്കാരം ചെയ്യുന്നു. സാന്ദർഭികമായ ആരാധനകൾക്കും മുട്ടുമടക്കിക്കൊണ്ടുള്ള നമസ്കാരങ്ങൾക്കും ഈ എളിയവരെ അവിടുന്നു് യോഗ്യരാക്കേണമേ. പുണ്യപൂർണ്ണവും ആത്മസമ്പൂർണ്ണവുമായ സത്യ ആരാധനകൾ ഞങ്ങളിൽ നിന്നു അങ്ങ് പുറപ്പെടുവിക്കേണമെ. ഇവിടെ ഞങ്ങൾ അനുഷ്ഠിക്കുന്ന സത്യ ആരാധനകളുടെ സ്ഥിരീകരണവും പൂർണ്ണതയും അവിടെ സ്വർഗ്ഗത്തിൽ കണ്ടെത്തുന്നതിനു ഞങ്ങളെ സഹായിക്കേണമെ. മാലാഖമാരുടെ ഗണങ്ങളോടു ചേർന്നു് നിന്നു് അതിമധുരമായി ദൈവമഹത്വം ഘോഷിക്കുന്നതിന്നു ഞങ്ങളെ യോഗ്യരാക്കേണമേ. ഞങ്ങളുടെ സത്യാരാധനകൾക്കൊപ്പം ഞങ്ങളുടെ മനസ്സിലെ ചിന്തനങ്ങളും ഉന്നതമായിരിക്കുമാറാകട്ടെ. എന്നേക്കും സർവ്വനാഥനായ ...................... .. ............

സൂമാറ ചൊല്ലി ഈവൻഗ്യാലിയോൻ വായിക്കുന്നു. വി. കുർബ്ബാനാമിത്രം
ജ° 134 യോഹന്നാൻ 4: 4-31

കാനീത്തദ°ഈവൻഗ്യലിയോൻ കഴിഞ്ഞു° ശമ്മാശൻ "ശബ്ബഹ° ലാലാഹ
ല്ല" പറയുന്നു.

തുടൻ വി. കുർബ്ബാന അവസാനിപ്പിക്കുന്നു.

കർത്താവിന്നടുത്ത പെരുന്നാളുകൾക്കുള്ള വി, കുർബ്ബാനയുടെ പ്രത്യേക
ത്തോമ നല്കുന്നു.